

# ഇതൾ

കെ.എച്ച്.എം.എച്ച്.എസ്.എസ് ആലത്തിയൂർ

2023-24




PHOTO TAKEN ON THE OCCASION OF THE RETIREMENT OF Sri. RAMAKRISHNAN C (PRINCIPAL)
Smt. JAYA K S (DHM)& Sri. AJITH M (HST-PS) ON-31-03-2023



SSLC 2023 Full A+

# ഞങ്ങൾ

**കെ.എച്ച് എം ഹയർ സെക്കൻഡറി സ്കൂൾ**
**ആലത്തിയൂർ**



എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : അബ്ദുൽ ജബ്ബാർ പി.കെ
എഡിറ്റർ : അബ്ദുൽ ഗഫൂർ കെ
ചീഫ് സബ് എഡിറ്റർ : രജനി കെ
സബ് എഡിറ്റർ : അഥിൻ കൃഷ്ണ പി
: മുഹമ്മദ് ആദിൽ.കെ
: മുഹമ്മദ് സിമാൽ.പി
: ഫഹീം
കവർ ഡിസൈൻ : ജാഫർ
ലേ ഔട്ട് : ഋഷികേശ്
ടൈപ് സെറ്റിംഗ് : ബിൻയാമിൻ
പ്രൂഫ് : അജ്മൽ പി.കെ
പ്രസാധനം : ലിറ്റിൽ കൈറ്റ്സ്,
കെ.എച്ച് എം ഹയർ സെക്കൻഡറി സ്കൂൾ ആലത്തിയൂർ

ഇതളുകൾ ചേർത്ത് വെച്ചൊരു അക്ഷരപ്പൂക്കളം
തീർക്കുന്നുഞങ്ങൾ.

ഓരോ ഇതളുകൾക്കു സ്വപ്നങ്ങളും
പ്രതീക്ഷകളുമുണ്ടായിരുന്നു.

വർണ്ണങ്ങൾ കൊണ്ടുംസുഗന്ധം കൊണ്ടും
ഇന്നലെകളിൽ വസന്തം വിരിയിച്ചവരാണ്.

നിറഭേദങ്ങളില്ലാതെഒരു കാലത്തെ
അടയാളപ്പെടുത്തിയവരാണ്.

ഇവിടെ ഉണ്ടായിരുന്നുവെന്നതിൻ സാക്ഷ്യമായ്
ഞങ്ങളും അടയാളപ്പെടുത്തുകയാണ് ഡിജിറ്റൽ
മാഗസിനിലൂടെ...

ഇന്നലെകളെ ധന്യമാക്കിയ
സുഗന്ധസുരഭിലമാക്കിയ ഇതളുകളെ
ഹൃദയത്തോട് ചേർക്കുക.

**-എഡിറ്റർ**

# ഇതളുകളിൽ....


13 രണ്ട് കവിതകൾ
കവിത - സ്നേഹ കെ

28 ഒരു മരത്തണൽ തേടി
കഥ - നിഹ കെ

32 നമ്മുടെ സ്കൂളിനെ അറിയാം

35 യാത്രാമൊഴി
കവിത - അബ്ദുള്ള പൊന്നാനി

36 കൂത്തമ്പലങ്ങളിലൂടെ
യാത്ര - വെട്ടം ഗഫൂർ

42 അരുതേ
കവിത - അയ്യൂബ് ആലുക്കൽ

43 കൂടെ
കവിത - അമൃത

44 ഏഴ് ദിനങ്ങൾ
കവിത - ഫിന്യൂബിൻ സിദാൻ

45 Poem - Rafa

46 ആരുടെ നാട്
ലേഖനം - അസ്ലിൻ വി.വി

47 Raise Your Head High
its a Rainy Day
Story - Hawwa Fanan

50 Year and Year
Poem - Nivedya K K

51 രണ്ടു മത്സ്യങ്ങൾ വീണ്ടും
കഥ - ശിഖ എ

53 നീറുന്ന ചാറ്റലിൻ ഓർമ്മകൾ
കവിത - മിദ്ഹ ടി.ഒ

54 ചിത്രകാരൻ്റെ മുറി
കവിത - വിനോദ് ആലത്തിയൂർ\

55 മാതൃവാത്സല്യം
കവിത - രോഷ്നി ഇഖ്ബാൽ

56 മൂന്ന് കവിതകൾ
കവിത - സുബൈദ എം.കെ

57 الدمعة
കഥ - ഷസ്ന


58 ഇരുട്ടറയെ പ്രണയിച്ചവൾ
കവിത - ഫാത്തിമ റുഷ്ദ പി

59 प्रकृति से प्रेम करें
കവിത -മിൻഹ ഫാത്തിമ സി

60 I Wish To Be
Poem - Niranjan S Vappala

61 Misunderstand
Poem - Razan C K

# കണ്ണീർ പ്രണാമം..



മുളന്തല ഹംസ ഹാജി
(സ്കൂൾ സ്ഥാപക മാനേജർ)



കെ. സെയ്തു ഹാജി
(മുൻ മാനേജർ)



പി. രാമ വാര്യർ
(പ്രഥമ ഹെഡ്മാസ്റ്റർ)

# സ്ക്രൂൾ സാരഥികൾ...



സോണിയ. സി. വേലായുധൻ
(പ്രിൻസിപ്പൽ)



അബ്ദുൽ ജബ്ബാർ പി.കെ
(ഹെഡ്മാസ്റ്റർ)



ഡോ.കെ.ഇബ്രാഹിം
( വർക്കിംഗ് മാനേജർ)



സ്ക്രൂളിന്റെ കാര്യങ്ങളിൽ നിതാന്ത ജാഗ്രതയുമായി
പി.ടി.എ പ്രസിഡന്റും വൈസ് പ്രസിഡന്റും

PTA 2023-24





കെവി ഖൈറുന്നീസ
(എം.ടി.എ പ്രസിഡന്റ്)



കെ.പി ഷംസുദ്ദീൻ
(എസ്.എം.സി ചെയർമാൻ)



നൗഷാദ് കുണ്ടനി
(എസ്.എസ്.ജി ചെയർമാൻ)



ആർ മുഹമ്മദ് ബഷീർ
(ഒ.എസ്.എ പ്രസിഡന്റ്)



മോന്തട്ടി പൊയ്‌ലിശ്ശേരി
(ഒ.എസ്.എ സെക്രട്ടറി)



സുഭാഷ് പയനാട്
(സ്കൂൾ വെൽഫയർ കമ്മിറ്റി ചെയർമാൻ)



# രണ്ടു കവിതകൾ

സ്നേഹ കെ
9 EA

## ഞെട്ടറ്റ രക്തം

**(വിദ്യാരംഗം സബ്ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ കവിത)**

എവിടെയും പരക്കുന്ന ഗന്ധം
ജനനിയൊട്ടാകെ ചുഴറ്റി വീശുന്ന
അനിലനിലെ ശുദ്ധകിരണം
എങ്ങു പോയി ??!!
മുല്ലമൊട്ടിൻ സുഗന്ധം പരത്തുന്ന
നാട്ടിലെ ഗന്ധം ആകസ്മികമായി മാറി;
ചുടുചോരയുടെ ക്രൂർത്ത ഗന്ധത്തിലേക്ക്
കഠിനകഠോരമായ് ചൊരിഞ്ഞ മഴയ്ക്ക്
മുളപൊന്തി വന്ന ഈയാംപാറ്റകൾ
മിഴിതുറന്നിടും മുമ്പേ
ചിറകറ്റു നിലം പതിച്ചില്ലയോ
കുളിർമയേന്തിയ അന്തരീക്ഷത്തിൽ
ക്രൂർത്ത കദനമൊലി ഉയരുന്നു
നേർത്ത പിഞ്ചോമനയുടെ
വിടരാത്ത നാദം
മൺകലമുടഞ്ഞതുപോൽ കേൾക്കെ,
ലോലമാം നൃത്തത്തിൽ വീശുന്ന
മാരുതനിലിന്നൊരു താണ്ഡവഭാഗം
ഞാൻ നിഷ്കർഷയാൽ നോക്കി
അശാന്തതയുടെ തരിശുഭൂമിയിൽ
നിണത്തിൻ്റെ ഗന്ധം
മണ്ണിലേക്കുറ്റി വീണ്
ഉറഞ്ഞു തുള്ളി
ആയുറച്ചിലിൽ ആരുടെയെല്ലാമോ
കണ്ണുനീരുണ്ട്...
ഞെട്ടറ്റു വീണ രക്തം
പരിഭ്രാന്തമായ മൺതരിയിൽ
തളം കെട്ടി നിൽക്കവേ
മണ്ണിലലിഞ്ഞ ഗന്ധം പടരുന്നു
കൊട്ടിഘോഷിച്ച മഴതൻ
നറുമണമല്ലാതെയെന്തിനു
മറ്റൊരു നടുങ്ങിയ
വിഷഗന്ധമീ മണ്ണിൽ
പടവാളെടുത്ത് പൊരുതി
ശാസ്ത്രം നിണത്തിൽ മുക്കി
എന്തിനു മണ്ണിൻ്റെ നൈർമ്മല്യം
നാം നാശവീഥിയിലേക്ക് നയിക്കുന്നു....

# വിങ്ങുകയാണിന്നും.....

(സ്ക്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കവിത)

എന്നുള്ളിൽ കടലിരമ്പുന്ന
മഴയ്ക്ക്,
എന്തൊക്കെയോ പറയാനുണ്ട്,
എന്നോ നാന്ദി കുറിച്ചയാമഴ
ഒരു തോരാമഴയാണ്
എന്നുള്ളിലിന്നും !!

ഏകാന്തതയുടെ സങ്കീർണ്ണഗാനവും
സങ്കടത്തിന്റെ ആഴക്കടലും,
നീണ്ടുനിവർന്ന നെടുവീർപ്പിന്റെ
ഏകാന്തസ്വരവുമായി
മഴ പറഞ്ഞു പലതും...!!

നേരവും കാലവുമില്ലാത്ത
ഭ്രാന്തിതൻ പരിവേഷം മഴയിലുണ്ട് !!
കാർക്കൂന്തലഴിച്ചിട്ട്
ആടിത്തിമിർക്കുന്ന ഭ്രാന്തി !

നാഗത്തെപ്പോലെ ഇഴഞ്ഞിഴഞ്ഞും
സഞ്ചരിക്കുകയാണെന്നുള്ളിൽ,
ഭ്രാന്തിതൻ കോലാഹലം പോലെ
മഴയിരമ്പം...!

തുള്ളികളായ് പെയ്തിറങ്ങും മഴ
ശബളാഭമായ്,പ്രളയമായ് മാറുന്നു,
ആ പ്രളയക്കെടുതിയിൽ
എന്നിൽ നിന്നെന്തൊക്കെയോ നഷ്ടമായി..!

തിരമാലപോൽ അടിച്ചു കയറുന്ന
കദനമഴ, എന്നുള്ളിലെ തോരാമഴ...
എന്നുള്ളിലെ മഴയെന്ന രോദനം
പറയുന്നു, "വിങ്ങുകയാണിന്നും ഞാൻ.." ■

# കർമ്മവീഥിയിലെ ആത്മാർപ്പണങ്ങൾക്കു ശേഷം ഈ വർഷം പടിയിറങ്ങുന്നവർ....



**അബ്ദുൽ ജബ്ബാർ പി കെ**
**സ്കൂൾ പ്രധാന അധ്യാപകൻ**

ചരിത്രമുറങ്ങുന്ന വെട്ടത്തുനാടിന്റെ ഹൃദയഭാഗത്ത് വെട്ടം പുതുച്ചിറ പള്ളിക്ക് സമീപം അധ്യാപകനായിരുന്ന പൊറ്റമ്മൽ കിഴക്കേതിൽ മൊയ്തീൻകുട്ടി എന്ന ബാപ്പു മുസ്ലിയാരുടെയും കൊടക്കൽ ബാവൂർ സ്വദേശിനി പുതിയകത്ത് മക്കിയാമു എന്നവരുടെയും അഞ്ചാമത്തെ മകനായി സ്കൂൾ രേഖ പ്രകാരം 1968 മെയ് 5-ന് ജനിച്ചു. 3 സഹോദരിമാരും 6 സഹോദരങ്ങളുമാണുള്ളത്. നാട്ടിലെ മത-സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിധ്യമായിരുന്ന പിതാവ് മുഴവൻ ആൺമക്കൾക്കും നല്ല വിദ്യാഭ്യാസം നൽകാൻ ശ്രമിച്ചു.

വീടിന് സമീപമുള്ള പഴയ ഓത്തുപള്ളിയായിരുന്ന ടി.ഐ.എം.എൽ.പി സ്കൂളിലും ഹിദായത്ത് സിബിയാൻ മദ്രസയിലുമായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് ഏഴാം ക്ലാസ് വരെ വെട്ടം ആലിശ്ശേരി എ.എം.യു.പി സ്കൂളിൽ പഠിച്ചു. കുടുംബത്തിന്റെ പാരമ്പര്യമനുസരിച്ച് ഹൈസ്കൂൾ പഠനത്തിനും ദർസ് പഠനത്തിനുമായി പിതാമഹന്റെ നാടായ കുറ്റിപ്പുറം പേരശ്ശന്നൂരിലേക്ക് താമസം മാറ്റി. 1984-ൽ കുറ്റിപ്പുറം ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും എസ്.എസ്.എൽ.സി വിജയിച്ചു.

ഉപ്പയുടെ ആഗ്രഹപ്രകാരം പ്രീഡിഗ്രിക്ക്  സെക്കന്റ് ഗ്രൂപ്പെടുത്ത് എം.ഇ.എസ് പൊന്നാനി കോളേജിൽ നിന്നും വിജയിച്ചു. ഇക്കാലത്ത് എൻ.സി.സിയിൽ അംഗവുമായിരുന്നു. ശേഷം കോഴിക്കോട് യൂണിവേഴ്സൽ കോളേജിൽ എൻട്രൻസ് കോച്ചിംഗിന് ചേർന്നു, മെഡിക്കൽ എൻട്രൻസ് 2 തവണ എഴുതിയെങ്കിലും കിട്ടിയില്ല. അതിനാൽ  നാഗർകോവിൽ രാജാസ് ഡെന്റൽ കോളേജിൽ ബിഡിഎസിന് ചേർത്തു. എന്നാൽ കുടുംബത്തിന്റെ സാമ്പത്തിക പ്രയാസം മനസ്സിലാക്കി സ്വന്തം ഇഷ്ടപ്രകാരം അതൊഴിവാക്കി പൊന്നാനി എംഇഎസ് കോളേജിൽ തന്നെ ബിഎസ്സി സുവോളജിക്ക് ചേർന്നു. വെട്ടം കാരാറ്റുക്കടവ്, പുറത്തൂർ പള്ളിക്കടവ് എന്നീ രണ്ട് കടവുകൾ കടന്ന് വേണമായിരുന്നു ദിനേന കോളേജിലെത്താൻ. ഡിഗ്രി അവസാന വർഷം കോളേജ് ക്യാമ്പസിൽ പുതുതായി നിർമ്മിച്ച ഹോസ്റ്റലിൽ താമസിച്ചു. 1990-ൽ ഫസ്റ്റ് ക്ലാസോടെ ഡിഗ്രി വിജയിച്ചു.

കമ്പ്യൂട്ടറിന്റെ പ്രാരംഭഘട്ടമായിരുന്ന സമയം. കോഴിക്കോട് എൽബിഎസ് സെന്ററിൽ നിന്നും സുഹൃത്ത് പിഎം സഫീറിനോടൊപ്പം പിസി & സോഫ്റ്റ്വെയർ പാക്കേജസിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കി. സർക്കാറിന്റെ സമ്പൂർണ സാക്ഷരതാ യജ്ഞത്തിൽ പരിശീലകനായി. ഇടക്കാലത്ത് ബിപി അങ്ങാടി വിസ്ഡം, വിക്ടറി, ആലത്തിയൂർ ഉദയ കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനുമായി. ഈ അനുഭവം അധ്യാപനത്തോട് ആകൃഷ്ടനാക്കി. ഈ സമയത്ത് തിരുവനന്തപുരം കിറ്റ്സിൽ പിജി ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ട്രാവൽ കോഴ്സിന് എൻട്രൻസ് പരീക്ഷയിലൂടെ പ്രവേശനം ലഭിച്ചെങ്കിലും അധ്യാപനത്തോടുള്ള അടങ്ങാത്ത മോഹം ബാംഗ്ലൂരിലെ പ്രശസ്തമായ ആർവി ടീച്ചേഴ്സ് കോളേജിൽ ബിഎഡിന് ചേരാൻ കാരണമായി. എംഎംഎ ഹോസ്റ്റലിലായിരുന്നു താമസം. പരീക്ഷയെഴുതി റിസൾട്ട് വരുന്നത് വരെയുള്ള സമയത്ത് അവിടെ ജോലിചെയ്തിരുന്ന ജേഷ്ഠന്റെ പ്രേരണയിൽ സെന്റ് ജോൺ ആംബുലൻസ് അസോസിയേഷനിൽ നിന്ന് ഫസ്റ്റ് എയിഡിലും, ലാൽബാഗ് ബൊട്ടാണിക്കൽ ഗാർഡനിൽ നിന്ന് ഹോൾട്ടികൾച്ചറിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ പൂർത്തിയാക്കി.

ബി.എഡ് വിജയിച്ച് ഒരു മാസത്തിനകം 1993 ആഗസ്റ്റ് 5-ന് ആലത്തിയൂർ കെഎച്ച്എംഎച്ച്എസ് സ്കൂളിൽ ജീവശാസ്ത്രം അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. അഡീഷനൽ പോസ്റ്റിലായിരുന്നു നിയമനം.ബയോളജി അധ്യാപകനായി തുടരുന്നതിനിടയിൽ 997-ൽ 5 വർഷത്തെ ലീവെടുത്ത് അബൂദാബി മുസ്സഫയിലെ ബനിയാസ് സ്പൈക്ക് എന്ന സ്ഥാപനത്തിൽ അക്കൗണ്ടന്റായി ജോലിയിൽ പ്രവേശിച്ചു. എന്നാൽ അധ്യാപനത്തോടുള്ള ഇഷ്ടം മൂലം ഒന്നര വർഷത്തിന് ശേഷം ലീവ് ക്യാൻസൽ ചെയ്ത് സ്കൂളിൽ തന്നെ ചേർന്നു.

ജോലിക്കിടയിൽ പിജി ചെയ്യാനുള്ള ആഗ്രഹം കൂടിവന്നു. എന്നാൽ ലീവ് എടുത്താലുണ്ടാവുന്ന സാമ്പത്തിക പ്രയാസം റഗുലർ കോഴ്സിൽ ചേരുന്നതിൽ നിന്ന് വിലക്കി. അതിനാൽ പ്രിയസുഹൃത്ത് അൻസാരിയോടൊപ്പം തിരുപ്പതി എസ്‌വി യൂണിവേഴ്സിറ്റിയിൽ എം.എ ഇംഗ്ലീഷിന് ചേർന്നു. അവധി ദിവസങ്ങളിൽ കോഴിക്കോട് എം.ബി കോളേജിലെ രാമചന്ദ്രൻ സാറുടെ ക്ലാസിൽ പങ്കെടുത്തു. എന്നാൽ ഉപ്പയുടെ ആകസ്മിക മരണം മൂലം എം.എ ഇംഗ്ലീഷ് പരീക്ഷയെഴുതാൻ സാധിച്ചില്ല. പിന്നീട് 2007-ൽ അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ ചേർന്ന് വിദൂര വിദ്യാഭ്യാസത്തിലൂടെ യുജിസി അംഗീകാരമുള്ള എം.എസ്.സി  സൈക്കോളജി കരസ്ഥമാക്കി.പിന്നീട് ലുഖ്മാൻ സാറോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിലെ ലൈഫ് ലോംഗ് ലേണിംഗ് സെന്ററിൽ പിജി ഡിപ്ലോമ ഇൻ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് കോഴ്സിന് ചേർന്നു. അതിനിടെ എൻ.എൽ.പി, ടി.എ മുതലായ സർട്ടിഫിക്കറ്റ് കോഴ്സുകളും ചെയ്തു. സുഹൃത്ത് ഫൗസി സാറുടെ പ്രേരണയിൽ 2009-ൽ കക്കാട് റസാഖ് സാറുടെ പരിശീലനത്തിലൂടെ കെ.എസ്.ആർ, കെ.ഇ.ആർ ഉൾപ്പെടെ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് എഴുതി വിജയിച്ചു.

പിന്നീട് 2007-ൽ ഡെപ്യൂട്ടേഷനിൽ സിദ്ദീഖുൽ അക്ബർ സാറോടൊപ്പം അധ്യാപകർക്കായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീജണൽ ലാംഗ്വേജസിന്റെ കീഴിൽ പഞ്ചാബ് പട്യാലയിലെ പഞ്ചാബി യൂണിവേഴ്സിറ്റി ക്യാമ്പസിലുള്ള നോർത്തേൺ റീജനൽ ലാംഗ്വജ് സെന്ററിൽ ഒരു വർഷത്തെ ഉറുദു പിജി ഡിപ്ലോമ കോഴ്സിന് ചേർന്നു. ഇവിടെയും വിവിധ സംസ്ഥാനക്കാരോടൊപ്പം സഹവസിക്കാനും ഉത്തരേന്ത്യയിലെ പ്രധാന വിദ്യാഭ്യാസ, ചരിത്ര, വിനോദ കേന്ദ്രങ്ങൾ സന്ദർശിക്കാനുമുള്ള ഭാഗ്യം ലഭിച്ചു. ഷട്ടിൽ ബാറ്റ്മിൻടൻ ടൂർണമെന്റിൽ ഹിമാചൽപ്രദേശ് കാരനായ യശ്പാൽ സിംഗിന്റെ പങ്കാളിയായി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കാൻ സാധിച്ചത് അഭിമാനത്തോടെ ഓർക്കുന്നു.

തിരൂർ എം.എൽ.എ ബഹു. ഇ.ടി മുഹമ്മദ് ബഷീർ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ ഖത്തർ ദോഹയിലെ എം.ഇ.എസ് സെൻട്രൽ സ്കൂളിൽ 2006-ലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ചീഫ് സൂപ്രണ്ടായി പോകാൻ ഭാഗ്യം ലഭിച്ചു. പിന്നീട് പികെ അബ്ദുറബ്ബ് വിദ്യാഭ്യാസ മന്ത്രിയായിരിക്കെ 2014-ലെ ടെക്സ്റ്റ് ബുക്ക് നിർമ്മാണത്തിൽ പങ്കാളിയാകാനും സാധിച്ചു.

സർവീസ് കാലഘട്ടത്തിന്റെ തുടക്കത്തിലെ സബ്ജില്ലാ മേളകളിൽ ക്വിസ് മാസ്റ്ററായും സംഘാടകനായും പ്രവർത്തിച്ചുവന്നു. വർഗീസ് സാർ തിരൂർ എഇഒ ആയിരിക്കുമ്പോൾ സബ്ജില്ല വിദ്യാരംഗം കൺവീനറായി പ്രവർത്തിച്ചു. കെഎസ്ടിയു സബ്ജില്ലാ പ്രസിഡണ്ടായും ജില്ലാ ഭാരവാഹിയായും സംസ്ഥാന കൗൺസിലറായും പ്രവർത്തിച്ചു. സ്കൂളിൽ വിവിധ ക്ലബ്ബുകളുടെ കൺവീനറായും ബുക്ക് സൊസൈറ്റി കൺവീനറായും സ്റ്റാഫ് സെക്രട്ടറിയായും പ്രവർത്തിച്ചു. ഇക്കോ ക്ലബ്ബ് കൺവീനറായിരിക്കെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ നിലമ്പൂരിലും സൈലന്റ് വാലി നാഷണൽ പാർക്കിലും കുട്ടികൾക്കായി റസിഡൻഷ്യൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഹെൽത്ത് ക്ലബ്ബ് കൺവീനറായിരിക്കെ 8 ബസ്സുകളിലായി 500-ഓളം കുട്ടികളുമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെച്ച് നടന്ന ആരോഗ്യ-വിദ്യാഭ്യാസ പ്രദർശനം കാണാൻപോയി. ഇതിനെല്ലാം താങ്ങും തണലുമായി അകാലത്തിൽ പൊലിഞ്ഞ ഉറ്റസുഹൃത്ത് മുഹമ്മദ് അൻസാരി സാറും കൂട്ടിനുണ്ടായിരുന്നു. അൻസാരി, ലുക്മാൻ എന്നിവരോടൊപ്പം 2 തവണ ഇന്ത്യ ചുറ്റിക്കറങ്ങാനും ലക്ഷദ്വീപ് സന്ദർശിക്കാനും സാധിച്ചു. 2014-ൽ ബിആർസി ട്രെയിനറായി അവസരം ലഭിച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ സാധ്യമായില്ല. വിദ്യാഭ്യാസ വകുപ്പും സിജി, ട്രന്റ്സ് മുതലായ ഏജൻസികളും നടത്തുന്ന വിവിധ പരിശീലനങ്ങളിൽ ആർ.പിയായി സേവനമനുഷ്ഠിക്കാൻ സാധിച്ചു എസ്.എസ്.എൽ.സിക്ക് പുറമെ പിഎസ്.സി കെടെറ്റ്, കീം മുതലായ പരീക്ഷകളുടെ ചീഫ് സൂപ്രണ്ടായും ചീഫ് എക്സാമിനറായും പ്രവർത്തിച്ചു. സ്കൂളിൽ വെച്ച് നടന്ന സബ്ജില്ലാ, ജില്ല, സംസ്ഥാന മേളകളിൽ വിവിധ കമ്മിറ്റികളുടെ കൺവീനറായി പ്രവർത്തിക്കാനും സാധിച്ചു.

2018-ൽ എംവി കിഷോർ മാസ്റ്റർ വിരമിച്ചപ്പോൾ സ്കൂളിന്റെ ഹെഡ്മാസ്റ്ററായി മാനേജ്മെന്റ് നിയമിച്ചു. 2 പ്രളയവും 2 വർഷത്തോളം നീണ്ടുനിന്ന കോവിഡ് മഹാമാരിയും സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങളെ ബാധിച്ചുവെങ്കിലും വിവിധ രംഗങ്ങളിൽ നേട്ടമുണ്ടാക്കാൻ എല്ലാവരുടെയും സഹകരണത്താൽ നമുക്ക് സാധിച്ചു. സ്കൂൾ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ സ്കൂളിൽ പഠിക്കുന്ന വർഷങ്ങളാണിപ്പോൾ. ഏറ്റവും കൂടുതൽ റെഗുലർ കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നതും ഈ കാലഘട്ടത്തിലാണ്. കല- കായിക- ശാസ്ത്രമേളകളിലെല്ലാം സബ് ജില്ലയിൽ ചാമ്പ്യന്മാരാകാനും ജില്ല, സംസ്ഥാന, ദേശീയ മേളകളിൽ കഴിവ് തെളിയിക്കാനും നമ്മുടെ കുട്ടികൾക്ക് അവസരമുണ്ടായി. സ്പോർട്സ് അക്കാദമിക്ക് തുടക്കം കുറിച്ചതോടെ കായികരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. കഴിഞ്ഞവർഷം സംസ്ഥാനതലത്തിൽ എട്ടാം സ്ഥാനമായിരുന്നെങ്കിൽ ഈ വർഷമത് ആറാം സ്ഥാനമാക്കി നാം ഉയർത്തി.

മാറിമാറിവന്ന പ്രഗൽഭരായ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരോടൊപ്പവും പി.ടി.എ പ്രസിഡണ്ടുമാരോടൊപ്പവും സേവനമനുഷ്ഠിക്കാൻ അവസരം ലഭിച്ചു. എസ്.എസ്.എൽ.സി, എൻ.എം.എം.എസ് പരീക്ഷകളിൽ മികച്ച വിജയം നേടി. മാനേജ്മെന്റിന്റെ സാമ്പത്തിക ഞെരുക്കത്തിനിടയിലും ഭൗതികസൗകര്യങ്ങളിൽ പുരോഗതി കൈവരിച്ചു. സി.സി.ടി.വി, സ്പീക്കർ സെറ്റ്, കുടിവെള്ള സൗകര്യങ്ങൾ മുതലായ ഏറെ നാളത്തെ സ്വപ്നങ്ങൾ പൂവണിഞ്ഞു.

ഹരികുമാർ സാറോടൊപ്പം രണ്ടുവർഷം തിരൂർ എച്ച്.എം ഫോറം ജോയന്റ് സെക്രട്ടറിയായി പ്രവർത്തിച്ചു. 2021-ൽ അദ്ദേഹത്തിന്റെ വിരമിക്കലിനു ശേഷം 3 വർഷമായി തിരൂർ എച്ച്എം ഫോറം സെക്രട്ടറിയായി പ്രവർത്തിച്ചുവരുന്നു. കൂടാതെ കെ.പി.എസ്.എച്ച്.എയുടെ വിദ്യാഭ്യാസ ജില്ലാ പ്രസിഡന്റാണ്. കഴിഞ്ഞ വർഷം തിരൂർ തുഞ്ചൻ പറമ്പിൽ വെച്ച് നടന്ന സംസ്ഥാന സമ്മേളനത്തിന് മുഖ്യ കാർമികത്വം വഹിക്കാൻ സാധിച്ചു. പ്രഥമാധ്യാപകർക്കായി സീമാറ്റ് നടത്തുന്ന ബേസിക് & അഡ്വാൻസ്ഡ് കോഴ്സുകളിൽ പങ്കെടുത്തു.

പിതാവിന്റെ പാത പിന്തുടർന്ന് ചെറുപ്രായത്തിൽ തന്നെ വിവിധ സംഘടനകളിൽ പ്രവർത്തിച്ചു വരുന്നു വെട്ടം കലാസാംസ്കാരിക വേദി, സാധു സംരക്ഷണ സമിതി മുതലായ നാട്ടിലെ വിവിധ സന്നദ്ധ സംഘടനകളിൽ സജീവപ്രവർത്തകനായിരുന്നു. റിലീഫ് പ്രവർത്തനങ്ങൾ, വീട് നിർമ്മാണം, രക്തനിർണയ ക്യാമ്പുകൾ എന്നിവക്കെല്ലാം നേതൃത്വം നൽകി. വെട്ടം പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽ സജീവമായി പ്രവർത്തിച്ചു.

2001-ൽ പിതാവിന്റെ മരണത്തോടെ, സഹോദരങ്ങളെല്ലാം വിദേശത്തായതിനാൽ, കുടുംബത്തിന്റെയും ഒപ്പം മഹല്ല് കമ്മിറ്റിയുടെയും മറ്റും ചുമതലകൾ വഹിക്കാൻ നിർബന്ധിതനായി. വെട്ടം പുതുച്ചിറ മഹല്ലിലെ ആദ്യ ഖതീബും വല്ലിപ്പയുമായിരുന്ന പികെ സെയ്താലിക്കുട്ടി മുസ്ലിയാർ 100 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച ജുമാഅത്ത് പള്ളിയുടെ പുനർനിർമാണ കമ്മിറ്റിയുടെ ജനറൽ കൺവീനറായി സേവനമനുഷ്ഠിക്കാൻ ഭാഗ്യം ലഭിച്ചു.

2016-ലെ തെരഞ്ഞെടുപ്പിൽ വെട്ടം ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് മെമ്പറായി. 5 വർഷങ്ങൾ കൊണ്ട് നാടിനും സമൂഹത്തിനും നിരവധി സേവനങ്ങൾ ചെയ്യാൻ സാധിച്ചു.

സ്കൂളിന് ചുറ്റുമുള്ള സമീപപ്രദേശങ്ങളിലാണ് ഉമ്മയുടെയും ഭാര്യയുടെയും മക്കളുടെയും സഹോദരിമാരുടെയും സഹോദര ഭാര്യമാരുടെയും വീടുകൾ. 1994 ഡിസംബർ 29-ന് കൂട്ടായി സ്വദേശിയും ഇപ്പോൾ മംഗലത്ത്-

താമസക്കാരനുമായ ചെറിച്ചൻവീട്ടിൽ കടവത്ത് മുഹമ്മദലി മാസ്റ്ററുടെയും വെട്ടം സ്വദേശിനി ചെറിയച്ചൻവീട്ടിൽ പുത്തൻവീട്ടിൽ കദീജബീവിയുടെയും മൂന്നാമത്തെ മകൾ സുമയ്യത്ത് ബീവി ജീവിതപങ്കാളിയായി. രണ്ട് പേരുടെയും ഉപ്പമാർ ദീർഘകാലം കൂട്ടായി ജിഎംഎൽപി സ്കൂളിലാണ് ജോലി ചെയ്തിരുന്നത്. ആ സൗഹൃദം മക്കളുടെ വിവാഹത്തിലൂടെ ദൃഢമായി. ആലത്തിയൂർ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ സുമയ്യത്ത് ബീവി തിരൂർ സലഫി കോളേജിൽ നിന്നും പ്രീഡിഗ്രി പൂർത്തിയാക്കി. ഇപ്പോൾ വീട്ടമ്മയാണ്. 2011ൽ വെട്ടം ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് മെമ്പറായി തിരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ പഞ്ചായത്ത് കുടുംബശ്രീ പ്രവർത്തകയും പഞ്ചായത്ത് വനിതാലീഗ് പ്രസിഡന്റുമാണ്. 2009-ൽ കുടുംബത്തോടൊപ്പം ഉംറ ചെയ്യാനും 2017-ൽ പരിശുദ്ധ ഹജ് നിർവ്വഹിക്കാനും ഭാഗ്യമുണ്ടായി

നാലു മക്കളാണുള്ളത്, മൂന്ന് പെൺകുട്ടികളും ഒരു ആൺകുട്ടിയും. നാലുപേരും ആലത്തിയൂർ സ്കൂളിന്റെ സന്തതികളാണ്. മൂത്തമകൾ ഫാത്തിമ റാനിയ ഫറൂഖ് റൗളത്തുൽ ഉലൂം അറബിക് കോളേജിൽ നിന്നും അഫ്സലുൽ ഉലമ പ്രിലിമിനറിയും ഡിഗ്രിയും പൂർത്തിയാക്കി. മലപ്പുറം ട്രെയിനിംഗ് കോളേജിൽ നിന്നും ഡിഎൽഎഡും കരസ്ഥമാക്കി. തൃപ്രങ്ങോട് പാലോത്ത്പറമ്പ് താണിക്കാട് കുഞ്ഞുമുഹമ്മദ് എന്നവരുടെ മകനും നമ്മുടെ പൂർവ്വവിദ്യാർത്ഥിയും ഇപ്പോൾ അബുദാബിയിൽ എൻജിനീയറുമായ ഫഹദ് ആണ് മരുമകൻ. അടുത്ത അക്കാദമിക വർഷം വീടിനടുത്തുള്ള എഎൽപി സ്കൂളിൽ അറബിക് ടീച്ചറായി ജോലിയിൽ പ്രവേശിക്കാൻ തയ്യാറെടുത്തിരിക്കയാണ്.

രണ്ടാമത്തെ മകൻ ഡോ.മുഹമ്മദ് റമീസ് ഫാറൂഖ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നും പ്ലസ് ടു പൂർത്തിയാക്കി ചെന്നൈയിൽ സിഎൽ ബൈദ് മേത്ത ഫാർമസി കോളേജിൽ നിന്ന് ഫാംഡി പൂർത്തിയാക്കി. ഇപ്പോൾ ചെന്നൈയിൽ തന്നെ റള ഇന്റർനാഷണൽ ഹോസ്പിറ്റലിൽ ക്ലിനിക്കൽ ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു. മൂന്നാമത്തെ മകൾ രിസാന മറിയം തിരൂർ എസ്എസ്എം പോളിടെക്നിക്കിൽ നിന്ന് വിജയിച്ച് പെരിന്തൽമണ്ണ എം.ഇ.എ എൻജിനീയറിങ് കോളേജിൽ നിന്ന് ബി.ടെക് കമ്പ്യൂട്ടർ സയൻസ് പൂർത്തിയാക്കി. കാടാമ്പുഴ ജാറത്തിങ്ങൽ സ്വദേശി അവറുക്കുന്നൻ ഇബ്രാഹിം ഹാജി എന്നവരുടെ മകനും ഇപ്പോൾ അബുദാബിയിൽ തന്നെ എൻജിനീയറുമായ മുനവ്വിർ ജാസിമാണ് മരുമകൻ. നാലാമത്തെ മകൾ ഖദീജ റുഷ്ദ തിരൂർ ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ നിന്നും ഫ്രന്റ്ലൈൻ ഹെൽത്ത്കെയർ ബാച്ചിൽ വി.എച്ച്.എസ്.സി വിജയിച്ച് ഇപ്പോൾ മംഗലാപുരം കണച്ചൂർ മെഡിക്കൽ കോളേജിൽ ബി. എസ്.സ്സി നേഴ്സിങ്ങിന് രണ്ടാം വർഷം പഠിക്കുന്നു.

ബയോളജി അധ്യാപകനായും പിന്നീട് ഹെഡ്മാസ്റ്ററായും നമ്മുടെ സ്കൂളിന് സ്തുത്യർഹമായ സംഭാവനകൾ നൽകി ഈ വർഷം വിരമിക്കുന്ന ശ്രീ. പി.കെ. അബ്ദുൽ ജബ്ബാർ സാറിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആപ്തവാക്യം:

ഭൂമിയിലുള്ളവരോട് നാം കരുണ കാണിക്കുക,
അപ്പോൾ ആകാശത്തുള്ളവൻ നമ്മോട് കരുണ കാണിക്കും.

---



**ബിജോയ് തോമസ്**
**ഡി.എച്ച്.എം**

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ തൃക്കളത്തൂരിൽ 1968 ൽ ജനനം. പിതാവ് എം. ഐ തോമസ്. മാതാവ് ടി. എം. ശോശാമ്മ. തൃക്കളത്തൂർ ഗവ. എൽ പി സ്കൂളിലും കുറുപ്പംപടി ഡയറ്റ് യു.പി സ്കൂളിലും പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് ആശ്രമം എച്ച്.എസ്.എസ് പെരുമ്പാവൂരിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസവും നേടി. നിർമ്മല കോളേജ് മൂവാറ്റുപുഴയിൽ പ്രീഡിഗ്രി വിദ്യാഭ്യാസം. തുടർന്ന് എം.എ കോളേജ് കോതമംഗലത്ത് നിന്ന് ഗണിതത്തിൽ ബിരുദവും കർണാടകയിലെ എസ്. ജി കോളേജ് മാണ്ഡ്യയിൽ നിന്ന് ബി.എഡും നേടി.

1991 സെപ്റ്റംബർ 12 ന് ആലത്തിയൂർ കെ.എച്ച്.എം.എച്ച്.എസ്.എസിൽ ഗണിതാധ്യാപകനായി കടന്നു വന്നു. 1997 ൽ എസ്.എൻ.എച്ച്. എസ്. എസ് ഒക്കലിൽ രസതന്ത്രം അധ്യാപികയായ ബിന്ദു വർഗീസിനെ ധർമപത്നിയാക്കി. 2023-24 വർഷത്തിൽ അദ്ദേഹം സ്കൂളിൻ്റെ ഡി. എച്ച്.എം. പദവി കൂടി വഹിച്ചു. സൗമ്യമാർന്ന ഇടപെടലുകളുമായി ഗണിതത്തിലൂടെ കുട്ടികളുടെ മനം കവർന്ന അധ്യാപനക്കാലത്തിനു ശേഷം ഈ വർഷം പടിയിറങ്ങുന്ന മാഷിന് എല്ലാ നന്മകളും നേരുന്നു.

---



**കെ പി ലുഖ്മാൻ**
**ഹയർ സെക്കണ്ടറി അധ്യാപകൻ**

ചമ്രവട്ടം പുതുപ്പള്ളിയിൽ സൈതാലിക്കുട്ടി എന്ന ബാപ്പു ഹാജിയുടെയും നഫീസയുടെയും മകനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം പുതുപ്പള്ളി ശാസ്ത എൽ പി സ്കൂളിലും ചമ്രവട്ടം ശാസ്ത യു പി സ്കൂളിലുമായിരുന്നു. തുടർന്ന് പുറത്തൂർ ഗവ. ഹയർ സെക്കൻ്ററി സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസം നേടി. ശാന്തപുരം ഇസ്ലാമിക് യൂനിവേഴ്സിറ്റിയിലായിരുന്നു പ്രീഡിഗ്രി, ഡിഗ്രി വിദ്യാഭ്യാസം നേടിയത്. തുടർന്ന് ആതവനാട് മർക്കസ് കോളേജിൽ നിന്ന് ബി എഡും നേടി. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ നിന്നും എം.എഡ് കരസ്ഥമാക്കി.

കൂടാതെ അറബിക്, ഹിസ്റ്ററി,സൈക്കോളജി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും നേടി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ ലൈഫ് ലോംങ്ങ് ലേണിംഗ് ഡിപ്പാർട്ട്മെൻ്റിൽ നിന്നും കൌൺസിലിംഗിൽ പിജി ഡിപ്ലോമ നേടിയിട്ടുണ്ട്. 1994 - 1996 കാലയളവിൽ തിരൂർ ഇസ്‌ലാമിക് സെൻ്ററിൽ അധ്യാപകനായിരുന്നു.1997 ജൂലൈ മാസത്തിലാണ് ആലത്തിയൂർ ഹൈസ്കൂളിൽ അറബിക് അധ്യാപകനായി. പിന്നീട് 2013 സെപ്റ്റംബർ 13 ന് ഹയർ സെക്കൻ്ററിയിൽ അറബി അധ്യാപകനായി പ്രമോഷൻ ലഭിച്ചു.1994 ആണ് വിവാഹം. നസീറയാണ് ഭാര്യ.അമീൻ, ഹുദ,ഹിബ,അനീന നഫീസ എന്നിവർ മക്കളാണ്

വിജയഭേരി റിസോഴ്സ് പേഴ്സൺ, പൂർണിമ മാഗസിൻ എഡിറ്റർ,വിദ്യാരംഗം തിരൂർ സബ് ജില്ലാ കൺവീനർ, ജില്ല, സംസ്ഥാന, സ്കൂൾ, കലോത്സവ വേദികളിൽ അനൗൺസർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഹൈദരാബാദിൽ നടന്ന സി.സി.ആർ.ടി ട്രെയിനിംഗ് പ്രോഗ്രാമിൽ പങ്കെടുത്തിട്ടുണ്ട്. പൊന്നാനി യു.ആർ സിയിൽ 2012 ൽ നടന്ന സ്കൂൾ അധ്യാപകർക്കായി നടത്തിയ മാനേജ്മെൻ്റ് ട്രെയിനിംഗ് പ്രോഗ്രാമിൽ റിസോഴ്സ്പേഴ്സണായിരുന്നു.

സ്കൂൾ കരിയർ ഗൈഡ്, എസ് ആർ ജി കൺവീനർ, അസാപ് സ്കൂൾ ഫാക്കൽറ്റി കോ-ഓഡിനേറ്റർ,കേരളാ സ്റ്റേറ്റ് ഹയർ സെക്കണ്ടറി കരിയർ ഫാക്കൽറ്റി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.ചെന്നായിലെ രാജീവ് ഗാന്ധി ദേശീയ യൂത്ത് വികസന സ്ഥാപനത്തിൽ സംസ്ഥാന കരിയർ ഗൈഡുമാർക്കുള്ള വർക്ക്ഷോപ്പിൽ പങ്കെടുത്തിട്ടുണ്ട്. കേരള സ്റ്റേറ്റ് കരിയർ ഗൈഡൻസ്& അഡോൾസെൻറ് സെൽ വികസിപ്പിച്ച ഡിഫ്റൻഷ്യൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (K-DAT)നിർമ്മാണത്തിൽ ഒരംഗമായിരുന്നു.

കേരള ഹയർ സെക്കണ്ടറി കരിയർ ഗൈഡൻസ് & അഡോളസെൻ്റ് സെൽ പുറത്തിറക്കിയ കരിയർ ഹാൻഡ്ബുക്ക്, സി.ജി. ഹാൻബുക്ക്, പത്രമാസികകൾ എന്നിവയിൽ കരിയർ ആർട്ടിക്കിളുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ, വിക്ടേഴ്സ് ചാനലിൽ കരിയർ ഗൈഡൻസ് എപ്പിസോഡുകൾ അവതരിപ്പിച്ചിട്ടുണ്ട്.

കരിയർ ഫാക്കൽറ്റി എന്ന നിലയിൽ നിരവധി ട്രെയിനിംഗ് പ്രോഗ്രാമുകളിൽ കുട്ടികൾക്കും രക്ഷിക്കൾക്കും ക്ലാസെടുക്കാൻ അവസരം ലഭിച്ചു. കരിയർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വിവിധ തരം ആദരവുകൾ ലഭിച്ചിട്ടുണ്ട്.

സൗദി അറേബ്യ, യു എ ഇ, ഖത്തർ എന്നിവിടങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. 27 വർഷം നീണ്ടുനിന്ന അധ്യാപനക്കാലത്തിനു ശേഷം വിരമിക്കുന്ന കരിയർ രംഗത്ത് മികച്ച സംഭാവനകൾ നൽകിയ ലുഖ്മാൻ സാറിന് എല്ലാ നന്മകളും നേരുന്നു..

---



**സൈനുദ്ദീൻ ടി**

**ഹയർ സെക്കണ്ടറി അധ്യാപകൻ**

മംഗലം പഞ്ചായത്തിലെ പുന്നമന ദേശത്ത് താണിക്കാട്ട് കുഞ്ഞാവയുടെയും കൂട്ടുങ്ങൽ മറിയക്കുട്ടിയുടെയും മകനായി 1968 ൽ ജനനം. പ്രാഥമിക വിദ്യാഭ്യാസം വള്ളത്തോൾ എ.യു.പി സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കെ.എച്ച്.എം.എച്ച്.എസ്.എസ്. ആലത്തിയൂരിലുമായിരുന്നു. പ്രീഡിഗ്രിയ്ക്ക് ശേഷം കേരള ഹിന്ദി പ്രചാരസഭയിൽ നിന്ന് ഹിന്ദിയിൽ ബിരുദം നേടി. 1992 ൽ തൃശ്ശൂർ രാമവർമപുരത്ത് നിന്ന് ഹിന്ദിയിൽ ട്രെയിനിംഗ് കഴിഞ്ഞു. 22-7-1994 ൽ ആലത്തിയൂർ കെ.എച്ച്.എം.എച്ച്.എസ്.എസിൽ ഹിന്ദി അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.

പഠിച്ച സ്കൂളിൽ തന്നെ അധ്യാപകനായിത്തുടരവേ അലീഗർ മുസ്ലിം യൂണിവേഴ്സിറ്റിയിൽ നിന്നും ഹിന്ദിയിൽ എം.എ. കരസ്ഥമാക്കി. 2011 ൽ പ്ലസ് ടു ഹിന്ദി അധ്യാപകനായി പ്രമോഷൻ ലഭിച്ചു. 18 വർഷക്കാലം ഹൈസ്കൂളിലും 12 വർഷം ഹയർ സെക്കണ്ടറിയിലും അധ്യാപകനായി ജോലി ചെയ്തു. ഹൈസ്കൂൾ അധ്യാപനക്കാലത്ത് ഐസോൾ (ISOLE) എന്ന കോഴ്സിൽ പങ്കെടുത്തത് ജീവിതത്തിൽ വഴിത്തിരിവായി.

അതിലൂടെ യോഗ, പ്രകൃതിജീവനം എന്നീ വിഷയങ്ങൾ മനസ്സിലാക്കുകയും അതിൽ തല്പരനാവുകയും ചെയ്തു. ജീവിതരീതിയിൽ അത് ചെലുത്തിയ സ്വാധീനം മൂലം പല ജീവിതശൈലീ രോഗങ്ങളിൽ നിന്ന് മുക്തമാവാൻ സഹായിച്ചു. സ്കൂളുകളിലെ ക്യാമ്പുകളിൽ 'യോഗപരിശീലനം' നടത്താനായത് ഒരു നേട്ടമായി കാണുന്നു.

1996 ൽ പുറത്തൂർ സ്വദേശിനിയും മംഗലം എ.എം.എൽ.പി. സ്കൂളിൽ ഹെഡ്മിസ്ട്രസുമായ റംലയെ വിവാഹം ചെയ്തു. 3 മക്കളുണ്ട്. മൂത്ത മകൾ ദന്തഡോക്ടറാണ്. രണ്ടാമത്തെ മകൾ എം.ബി.ബി.എസിനും മകൻ പ്ലസ് ടുവിനും പഠിക്കുന്നു. ഈ വർഷം വിരമിക്കുന്ന മാഷിന് ഭാവുകങ്ങൾ.

---



**അബ്ദുൽ ഗഫൂർ.കെ**
**ഹൈസ്കൂൾ അധ്യാപകൻ**

ഒരു ചെറുപുഞ്ചിരിയെ എന്നും തിളങ്ങുന്ന നക്ഷത്രമാക്കി തൻ്റെ സാന്നിദ്ധ്യം അറിയിക്കുകയും സൗഹൃദവും അലിവും കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന നല്ലൊരു സഹൃദയനാണ് ഗഫൂർ മാഷ്.

യാത്രയെ ഏറെ സ്നേഹിക്കുന്ന ഒരു നാടിൻ്റെ അക്ഷര വെളിച്ചമായി നിറഞ്ഞുനിൽക്കുന്ന വെട്ടം അബ്ദുൽ ഗഫൂർ എന്ന സൗമ്യ സ്വരൂപൻ.

മലപ്പുറം ജില്ലയിലെ വെട്ടം താലൂക്കിൽ വെട്ടത്ത് വേമണ്ണ കുളങ്ങര വീട്ടിൽ കുഞ്ഞി മൊയ്തീൻകുട്ടിയുടേയും പാലക്കവളപ്പിൽ മടപ്പള്ളിയിൽ മറിയം ബീവിയുടെയും മകനായി 1968-ൽ ജനനം.

വെട്ടം എ.എം.യു പി സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി. ഗവൺമെൻ്റ് ഹൈസ്കൂൾ പറവണ്ണയിലായിരുന്നു ഹൈസ്കൂൾ വിദ്യാഭ്യാസം. പി.എസ്.എം.ഒ കോളേജ് തിരൂരങ്ങാടിയിൽ നിന്ന് പ്രീഡിഗ്രിയും മലപ്പുറം ഗവൺമെൻ്റ് കോളേജിൽ നിന്ന് മലയാളത്തിൽ ബിരുദവും നേടി. കോഴിക്കോട് മീഞ്ചന്ത ബി.എഡ് സെൻ്ററിൽ നിന്ന് മലയാളത്തിൽ ബി എഡ് കരസ്ഥമാക്കി. അധ്യാപക ജോലിയിൽ ആദ്യമായി പ്രവേശിക്കുന്നത് തിരൂർ ഇസ്ലാമിക് സെൻ്ററിലാണ്. ഒരു വർഷത്തോളം അവിടെ ജോലി ചെയ്തു. തുടർന്ന് ജി എച്ച് എസ് എസ് പറവണ്ണയിൽ മലയാള അധ്യാപകനായി ഒരു വർഷം സേവനമനുഷ്ഠിച്ചു. പിന്നീട് തിരൂരിലെ ഫാത്തിമ മാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് 10-11-1992 ൽ കെ.എച്ച്.എം.എച്ച്.എസ്.എസ് ആലത്തിയൂരിൽ മലയാള അധ്യാപകനായി സ്ഥിരം പോസ്റ്റിൽ പ്രവേശിക്കുന്നത്. മലയാള അധ്യാപകനായി മാതൃഭാഷയുടെ മഹത്വം പകർന്നു നൽകി നീണ്ട 32 വർഷം നിരവധി ശിഷ്യഗണങ്ങളെ ഹൃദയത്തോട് ചേർത്ത് മാതൃകാ അധ്യാപകനായി അക്ഷരമുറ്റത്തുനിന്നും പടിയിറങ്ങുകയാണ്.
യാത്രയെ ഏറെ ഇഷ്ടപ്പെടുന്ന ഗഫൂർ മാഷ് ഇതിനിടയിൽ തൻ്റെ അടയാളപ്പെടുത്തലായി യാത്രകളെയും ഓർമ്മകളെയും കോർത്തിണക്കി "കണ്ണിൽ രുചിച്ചതും കരളിൽ കൊരുത്തതും" എന്ന പുസ്തകം പുറത്തിറക്കി. ഹരിതം ബുക്സ് ആണ് പ്രസാധകർ. "ഇത് ഞങ്ങളുടെ വിലാസം" എന്ന സ്കൂൾ മാഗസിൻ 2019-ൽ പുറത്തിറക്കുമ്പോൾ അതിൻ്റെ ചീഫ് എഡിറ്ററും ഗഫൂർ മാഷായിരുന്നു. 1995 ൽ വിവാഹിതനായി. കോട്ടക്കൽ ഒതുക്കുങ്ങൽ സ്വദേശിനി മച്ചിഞ്ചേരി ബജീനയാണ് ഭാര്യ. മക്കൾ മൂന്നു പേർ. ഗസ്ന, ഗസൽ,ഗസീം. ഇപ്പോൾ വെട്ടത്ത്,'ബനാസിൽ' കുടുംബസമേതം താമസിക്കുന്നു. ഈ വർഷം വിരമിക്കുന്ന മാഷിന് നന്മകൾ നേരുന്നു.

---

"ഒരു ശിശുവിൻ്റെ ശരീരത്തിലും, മനസ്സിലും, ആത്മാവിലും ഉള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം."

– മഹാത്മാഗാന്ധി



**സുരേഷ് കെ പി**
**ഹൈസ്കൂൾ അധ്യാപകൻ**

എടപ്പാൾ പെരുമ്പറമ്പിൽ ബാലകൃഷ്ണൻ വൈദ്യരുടെയും മൈഥിലിയുടെയും മകനായി 1968 ജനനം. സുമ,ഗീത എന്നിങ്ങനെ രണ്ട് സഹോദരിമാരുണ്ട്. സുമ റിട്ടയേർഡ് അധ്യാപികയാണ്. അച്ഛൻ ബാലകൃഷ്ണൻ വൈദ്യർ എടപ്പാളിലെ പേരുകേട്ട ആയുർവേദജ്ഞനായിരുന്നു.പെരുമ്പറപ്പ് യു.പി സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. ഹൈസ്കൂൾ വിദ്യാഭ്യാസം എടപ്പാൾ ഹൈസ്കൂളിൽ പൂർത്തിയാക്കി. തുടർന്ന് പൊന്നാനി എം.ഇ.എസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും തൃശ്ശൂർ കേരളവർമ കോളേജിൽ നിന്ന് സാമൂഹ്യശാസ്ത്രത്തിൽ ഡിഗ്രിയും നേടി. ബാഗ്ലൂർ ചിക്ബലാപ്പൂരിൽ നിന്ന് ബി.എഡ് പഠനം പൂർത്തിയാക്കി. ഇപ്പോൾ അട്ടപ്പാടിയിൽ സ്ഥിരതാമസം. 1992 ൽ ആലത്തിയൂർ കെ.എച്ച്.എം.എച്ച്.എസിൽ സാമൂഹ്യശാസ്ത്രം അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. തനതുവ്യക്തിത്വം കൊണ്ടും വ്യതിരിക്തമായ കാഴ്ചപ്പാടുകൾ കൊണ്ടും എല്ലാവരുടെയും മനസ്സിൽ ഇടം നേടിയ വ്യക്തിത്വമാണ് സുരേഷ് മാഷ്. ഈ വർഷം വിരമിക്കുന്ന മാഷിന് എല്ലാ ഭാവുകങ്ങളും നേരുന്നു...



# ഒരു മരത്തണൽ തേടി

നിഹ കെ
10 EG

(സ്കൂൾ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടിയ കഥ)

അവൾ മേശവലിപ്പ് തുറന്നു. കടലാസെടുത്ത് അരുണിന് ഒരു കത്തെഴുതി.പിന്നീടാലോചിച്ചു, താനെന്തൊരു മണ്ടിയാണ്.യുദ്ധം അവസാനിച്ചിട്ടില്ല.

തപാൽപ്പെട്ടി ഇപ്പോഴുണ്ടോ ആവോ ?! കാണാതായ തന്റെ സഹോദരൻ സുരക്ഷിതനാവണേ എന്നവൾ മനമുരുകി പ്രാർത്ഥിച്ചു.സ്വീഡിഷ് പട്ടാളക്കാരെക്കുറിച്ച് അവളുടെ മുത്തശ്ശി പറയുകയുണ്ടായി. "അവർ എന്തിനും മടിക്കാത്തവർ.നിന്നെ കയ്യിൽ കിട്ടിയാൽ എന്തും ചെയ്യും മോളെ...."

അവർ അഭയാർത്ഥിക്യാമ്പിലേക്ക് പോകുമ്പോൾ അവളെയും വിളിച്ചതാണ്. നില അപ്പോൾ പോയില്ല. "അരുൺ വന്നിട്ട് ഞങ്ങൾ രണ്ടുപേരും കൂടി വരും" അതിന് മറുപടിയായി അവൾ പറഞ്ഞിരുന്നത് അതായിരുന്നു.നിർബന്ധിച്ചിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയ അവർ "സൂക്ഷിക്കണം" എന്നു മാത്രം പറഞ്ഞ് മറ്റു നാട്ടുകാരോടൊപ്പം പോകുകയായിരുന്നു.അന്ന് അവരോടൊപ്പം പോയാൽ മതിയായിരുന്നു... അവൾ മൂകയായി ചിന്തിച്ചു.

ജനവാതിൽ തുറന്ന് പുറത്തേക്ക് നോക്കി... ആ ഗ്രാമത്തിലിനിയാരും അവശേഷിക്കുന്നില്ല. പട്ടാളക്കാർ വന്നാൽ എല്ലാവരും പോയെന്ന് കരുതി ഇവിടം വിട്ടുമായിരിക്കും. 'തീർച്ചയായും അങ്ങിനെ തന്നെയേ സംഭവിക്കൂ..' ആൾപെരുമാറ്റം തെല്ലുപോലുമില്ലാത്ത അവളുടെ ഗ്രാമത്തെ നോക്കിക്കൊണ്ട് നിൽക്കേ അവളോർത്തു, ഒരാഴ്ച മുമ്പ് വരെ ആളും ബഹളവും ഉണ്ടായിരുന്ന സ്ഥലമാണ്. ആൾത്താമസമുണ്ടെന്ന് കാണിക്കാത്ത വിധം അവൾ ചിലതൊക്കെ ചെയ്തു.
മുറ്റമാകെ കരിയിലകൾ വിതറി, ഗേറ്റിൽ പൊടിയാക്കി. കുതിരകൾ വെള്ളം കുടിക്കുന്ന പാത്രം കമഴ്ത്തിയിട്ടു.പുറത്ത് കടന്ന് വീടിന്റെ ഗേറ്റ് താഴിട്ട് പൂട്ടി. പിന്നെ കുതിരകൾക്ക് പോകാനുള്ള വഴിയിലൂടെ പോയി വീട്ടിൽക്കയറി.മുകൾനിലയിലിരുന്ന് പുറത്തേക്കൊന്നു കൂടി നോക്കി.

ഗ്രാമത്തിനപ്പുറം മരുഭൂമി.മണൽ കൂനകൾ മാത്രം. പെട്ടെന്ന് കുതിരക്കുളമ്പടി

കേൾക്കാനിടയായി. അവൾ വേഗം തലവലിച്ച് ജനലടച്ചു. ഇപ്പോൾ കുളമ്പടി നിന്നതായി തോന്നി.അവൾക്ക് ശ്വാസം മുട്ടുന്നത് പോലെ തോന്നി.വീട്ടിന്റെ മുൻവശത്ത് ആരോ നടക്കുന്നുണ്ട്,ഉറപ്പ്. കരിയിലകളിൽ ബൂട്ടിന്റെ ശബ്ദം. പെട്ടെന്ന് വാതിലിലൊരു മുട്ട്.

അവൾ ഒന്നും നോക്കാതെ പിൻവാതിലിലൂടെ ഓടി. ആരോ സ്വീഡിഷ് ഭാഷയിൽ അലറി വിളിച്ചു കൊണ്ട് അവളുടെ പിറകെ . തിരിഞ്ഞു നോക്കാതെ, കല്ലു മുമ്പോട്ട് എങ്ങോട്ടാണ് ഓടുന്നതെന്നറിയാതെ ചീറ്റപ്പുലിയുടെ വേഗതയിൽ അവളോടി.

ഒരൊന്നൊന്നര മണിക്കൂർ അവൾ നിർത്താതെ ഓടി.പിന്നീട് നിലത്തിരുന്നു. ചുറ്റും നോക്കിയപ്പോഴാണറിയുന്നത്,താൻ മരുഭൂമിയെന്ന മഹാസാഗരത്തിന്റെ ഏതോ ഒരു കോണിലാണെന്ന്. കാലുകൾ ചുട്ടുപഴുത്തു. തൊണ്ട വരണ്ടു. അൽപം എഴുന്നേറ്റിരുന്നു. തളർന്നു വീഴുന്ന പോലെ തോന്നുന്നു.ശരീരം വിയർത്തൊലിച്ച് വസ്ത്രങ്ങൾ കുതിരാൻ തുടങ്ങി. ഇങ്ങനെ ഇരുന്നാൽ താൻ മരിച്ചു പോകും എന്ന സത്യാവസ്ഥ അവൾ മനസ്സിലാക്കി.

നടന്നു , ഓരോ അടിയിലും കാൽ നിലത്തു വെക്കാൻ കഴിയാതെ അവൾ ഓടുകയായിരുന്നു എന്ന് വേണമെങ്കിൽ പറയാം. ഒരല്പം തണൽ, അതുമാത്രം മതിയായിരുന്നു അവൾക്ക്. കാലിലെന്തോ തടഞ്ഞു.ഒരു വാഹനത്തിന്റെ ടയറാണോ ? അവൾ അത് ശക്തിയായി, കുടഞ്ഞു. ഒരു ചീറ്റലോടെ പാമ്പ് അവൾക്കു നേരെ ഫണമുയർത്തി.അവൾ തിരിഞ്ഞു നോക്കാതെ വീണ്ടും ഓടി. എത്ര ദൂരം എന്നറിയില്ല. ഒടുവിൽ കാൽ തളർന്ന് വീണു. ചുറ്റും നോക്കി, പാമ്പ് അടുത്തൊന്നുമില്ല.

അങ്ങ് ദൂരെ അവൾ കണ്ടു, ഒരു മരം. അൽപം പച്ചപ്പുല്ലുകളും ഒരു ചെറിയ നീരുറവയുമുള്ള ഒരു മരുപ്പച്ച. ഒട്ടകങ്ങൾ മേയുന്നുണ്ടവിടെ, എന്നാലും സാരമില്ല. അവൾ അങ്ങോട്ട്, ആ മരുപ്പച്ച ലക്ഷ്യമാക്കി നടന്നു. നടക്കുന്തോറും അകലുന്നതുപോലെ തോന്നിയവൾക്ക്. കണ്ണുകൾ മങ്ങുന്നു. ഇത്തിരി വെള്ളം, അതുമാത്രം മതി. രണ്ടു ദിവസമായി വല്ലതും കഴിച്ചിട്ട്. മരുപ്പച്ചയിലെ ആ മരം... അതു മാത്രമായിരുന്നു അവളുടെ ഏക പ്രതീക്ഷ.

മരപ്പച്ചയിൽ എത്തിയപ്പോഴേക്കും സന്ധ്യയായി.ഒട്ടകങ്ങൾ കൂട്ടമായി അവിടെ നിൽക്കുന്നുണ്ട്. എന്നാൽ നടുക്കത്തോടെ അവൾ മനസ്സിലാക്കി, അവിടെ വെള്ളമില്ല. ആ മരത്തിന്റെ തണലിൽ അവൾ പരവശയായിരുന്നു. ഒഴുകി വന്ന കണ്ണുനീർ നുണഞ്ഞു.

നിസ്സഹായയായിപ്പോയ അവളെ കാണാനാരും അവിടെയുണ്ടായിരുന്നില്ല. ഒരൊട്ടകം അവളുടെ അടുത്തേക്ക് വന്നു. ഒട്ടകങ്ങൾ ഉപദ്രവിക്കും. എന്നാൽ, ഇരുന്നേടത്തു നിന്ന് ഒരടി പോലും അനങ്ങാൻ കഴിയാതെ അവിടെത്തന്നെ ഒരു ശിലാപ്രതിമ പോലെയിരുന്നു. ഒട്ടകം അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ അവളുടെ മുന്നിൽ നിന്നു . എല്ലും തോലുമായ അതിന്റെ ശരീരം നോക്കിനിൽക്കേ അവൾ മനസ്സിലാക്കി. ഒട്ടകത്തിന്റെ അകിടിൽ പാലുണ്ടാവും! അതുകൊണ്ടായിരിക്കുമോ അത് തന്റെ മുമ്പിൽ നിൽക്കുന്നത് ? മറ്റൊന്നുമാലോചിക്കാതെയവൾ ഒട്ടകത്തിന്റെ അകിടിൽ വായ ചേർത്തുവെച്ചു. അമൃതം ! ഇത്ര രുചിയുള്ളതൊന്നും അവൾ കഴിച്ചിട്ടില്ല എന്നവൾക്ക് തോന്നിപ്പോയി. ഒട്ടകം അനുസരണയോടെ നിന്നതേയുള്ളൂ. വയറു നിറഞ്ഞപ്പോൾ അവൾ ഇരുന്നു പോയി.

ഉൽക്കടമായ സന്തോഷം അവളുടെ മുഖത്ത് പ്രകടമായിരുന്നു. ഒട്ടകം എഴുന്നേറ്റ്

മറ്റൊട്ടകങ്ങളുടെ കൂടെ കൂടി. അവളുടെ കണ്ണുകൾ ഇരുട്ടിലേക്കാഴ്ന്നു പോയി. മയങ്ങിപ്പോയതറിഞ്ഞില്ല,എത്രനേരമായി മയങ്ങിയിട്ടെന്നും. അവൾ എഴുന്നേറ്റപ്പോൾ ഒരൊറ്റ ഒട്ടകത്തെയും കാണാനില്ല. കുറ്റാകുറ്റിരുട്ട്. ദൂരെ എവിടെ നിന്നോ കഴുതപ്പുലികളുടെ അലർച്ച . ആകാശത്ത് നക്ഷത്രങ്ങൾ കുറവാണ്. ചന്ദ്രനെ മങ്ങിയ തരത്തിലേ കാണാൻ കഴിഞ്ഞുള്ളൂ. കഴുതപ്പുലികളുടെ ശബ്ദം അടുത്ത് വരുന്നു. മുത്തശ്ശി പറഞ്ഞ കഥകളോർത്തു: "കഴുതപ്പുലികൾ മരുപ്പച്ചയിലാണ് അന്തിയുറങ്ങുക. "

അവൾ എഴുന്നേറ്റു. ഇപ്പോൾ പുതിയ ഒരാവേശം കിട്ടിയ പോലെ അവളോടി. അധികനേരം ഓടിയില്ല. അതിനു മുമ്പ് ഒരു മണൽ ഗർത്തത്തിലേക്ക് അവൾ വീണു പോയി. തനിക്കെന്താണ് സംഭവിക്കുന്നത് ? ചുറ്റും അനന്തമായ ഇരുട്ട് മാത്രം. പൊടിക്കാറ്റ് വീശുന്നു. താമസിയാതെ ഈ കുഴിയും മണൽ മൂടും. അതോടൊപ്പം താനും. കണ്ണുകൾ ഇറുക്കിയടച്ചു. അറിയാതെ മയക്കത്തിന്റെ താഴ് വരയിലേക്ക് വീണ്ടും.

സൂര്യൻ കണ്ണിൽ വെളിച്ചമടിച്ചപ്പോൾ അവൾ കണ്ണ് തുറന്നു. ചുറ്റും കണ്ണോടിച്ചു. താൻ ഒരു മണൽ കുഴിയിലാണ് വീണത്. പക്ഷേ അതിന് നല്ല ഉയരമുണ്ട്. തനിക്ക് കേറാൻ സാധ്യമല്ല. അവൾ കരഞ്ഞു. ഉറക്കെയുറക്കെ കരഞ്ഞു. പതിനേഴ വയസ്സുകാരിയായ ആ പെൺകുട്ടിയുടെ കരച്ചിൽ കേൾക്കാൻ അവിടെയാരും ഉണ്ടായിരുന്നില്ല. മുകളിൽ നിന്ന് എന്തോ ഇഴഞ്ഞ് വരുന്നു, പാമ്പാണോ ? അല്ല, കയറാണ് ! തന്നെ സഹായിക്കാനാരോ കയറിട്ട് തരുന്നു ! അത് സ്വീഡൻ വംശജനായാലും സാരമില്ല. ഈ മരുഭൂമിയിൽ ആരോരുമറിയാതെ മരിക്കുന്നതിനേക്കാൾ നല്ലതാണ് അയാളുടെ കൈ കൊണ്ട് മരിക്കുന്നത്.

കയറിൽ പിടിച്ചവൾ മുകളിലോട്ടു കയറി. മുകളിലെത്തിയപ്പോൾ തനിക്ക് കയറിട്ടു തന്ന ആളെ കാണാനില്ല. കയർ ഒരു കല്ലിൽ കെട്ടിയിരിക്കുന്നു. എന്നാലും കയറാനായല്ലോ, ദൈവത്തിന് സ്തുതി.! കയറിട്ട് തന്ന മനുഷ്യൻ ഒരല്പം കൂടി ദയ കാണിച്ചിരുന്നുവെങ്കിൽ.....

ദൂരെയതാ ആരോ നടന്നു പോകുന്നു. ഉറക്കെയുറക്കെ വിളിച്ചു കൊണ്ട് അവൾ പിറകെയോടി. എന്നാൽ, അയാൾ തിരിഞ്ഞു നോക്കാതെ നടക്കുകയാണ്. എന്തു വേഗത്തിലാണയാൾ നടക്കുന്നത്! ഒരു പൊടിക്കാറ്റ് വീശി... കണ്ണിൽ മണൽ കയറാതിരിക്കാൻ കണ്ണടച്ചു. കണ്ണ് തുറന്നപ്പോൾ അയാളെ കാണാനില്ല. എന്നാലും അയാൾ പോയ ദിശ ലക്ഷ്യമാക്കി അവൾ നടന്നു. ദൂരെ ഒരു കുടിലും ഒട്ടകങ്ങളുടെ തൊഴുത്തിൽ കുറച്ച് ഒട്ടകങ്ങളെയും കണ്ടു. അവൾ പിറുപിറുത്തു.." തീർച്ചയായും അയാൾ അവിടെയുണ്ടാവും." തന്നെ സഹായിക്കാതിരിക്കില്ല,തീർച്ച.

അവളങ്ങോട്ട് നടന്നു.കാൽപ്പാദത്തിലെ തൊലി അടർന്നു പോയിട്ടുണ്ട്. ചൂട് തട്ടുമ്പോൾ വീണ്ടും നീറുന്നു.. ഒട്ടകങ്ങൾ അവളെ കണ്ടപ്പോൾ കരഞ്ഞു. അവയുടെ വെള്ളം വെക്കുന്ന തൊട്ടിയും ഭക്ഷണപ്പാത്രവും കാലിയായിരിക്കുന്നു. വലിയൊരു ടാങ്കിൽ വെള്ളമുണ്ട്. അവിടെ നിന്ന് അവറ്റകളുടെ പാത്രത്തിലേക്ക് പൈപ്പുകളുണ്ട്. അതു തുറന്നു. അവളും കുടിച്ചു. കാൽ കഴുകി. ഒരുന്മേഷം വന്നു നിറയുന്നു. അയാളെവിടെ ? അവൾ കുടിലിനകത്തു കയറി. ഒരു മനുഷ്യൻ പുഴുവരിച്ച നിലയിൽ കിടക്കുന്നു. അവൾ പേടിച്ചു പോയി.. മറ്റാരെയും അവിടെ

കണ്ടില്ല. അയാൾ മരിച്ചിട്ട് രണ്ടു ദിവസമെങ്കിലും ആയിക്കാണും. അപ്പോൾ പിന്നെ തനിക്ക് കയറിട്ടു തന്നതാരാണ്?! സംശയങ്ങൾ ഉടലെടുത്തു. ദൈവദൂതരോ? മുട്ടുകുത്തിയിരുന്നവൾ പ്രാർത്ഥിച്ചു. " എന്നെ രക്ഷിക്കൂ ഈശ്വരാ..."

ഇയാൾ ഒരു മുതലാളിയുടെ തൊഴിലാളിയാവും. അപ്പോൾ അയാളെത്തിരക്കി ആരെങ്കിലും വരാതിരിക്കില്ല ! കാത്തിരിക്കാം, അവൾ തീരുമാനിച്ചു. രാത്രിയായി... വീണ്ടും അവിടമാകെ ഇരുട്ടിൽ മുങ്ങി. ഒട്ടകങ്ങൾ കൂട്ടത്തോടെ കരയാൻ തുടങ്ങി. എന്താണെന്നറിയാതെ അവൾ പുറത്തിറങ്ങി. തിളങ്ങുന്ന രണ്ട് കണ്ണുകൾ മാത്രം. വേറൊന്നും കാണുന്നില്ലായിരുന്നു. ഒരലർച്ചയോടെ അവളുടെ ദേഹത്തേക്ക് എന്തോ ചാടി വീണു. അവൾ ഉറക്കെക്കരഞ്ഞു.

"ഡീ, ഉറക്കത്തിൽ കിടന്നലറുന്നോ ?" അമ്മ തട്ടിവിളിച്ചു. " എന്തൊറക്കാണിത് ? എണീച്ചേ, സ്കൂളി പോണ്ടേ ?"

എന്ത്! ഇതൊക്കെ വെറും സ്വപ്നമായിരുന്നെന്നോ ?! അവൾക്ക് സ്വബോധം തിരിച്ചു കിട്ടാൻ കുറച്ച് നേരമെടുത്തു.

"അമ്മേ, ഇതേതാ സ്ഥലം?" അവൾ ചോദിച്ചു.

അമ്മ ചിരിച്ചു. "ദേ ചേട്ടാ നമ്മടെ മോൾടെ എല്ലാം അടിച്ചു പോയെന്ന് തോന്ന്ണ്"

അവൾ അന്തം വിട്ടു നിന്നു.

" ഇത് ജർമ്മനിയല്ലേ ?" അവൾ വീണ്ടും ചോദിച്ചു

"അല്ല, ഇതാണ് അമേരിക്ക " അമ്മയ്ക്ക് ചിരി നിർത്താൻ സാധിച്ചില്ല. "

ഇനി എന്റെ ജർമ്മൻകാരി പൊന്നു മോള് എണീറ്റ് മുഖം കഴുകി കാട്ടാക്കട ജി.എച്ച്.എസ്.എസിൽ പോയാട്ടെ.."

അമ്മയുടെ പൊട്ടിച്ചിരിയിൽ അവളും പങ്കു ചേർന്നു.

"എനിക്ക് വെള്ളം വേണം.."

" തരാം, പക്ഷേ പല്ല് തേച്ചിട്ട് " അമ്മ പറഞ്ഞു.

"രാമനാമം ജപിച്ച് കിടക്കാൻ പറഞ്ഞാ കേക്കില്ല.എന്നിട്ട് സ്വപ്നം കണ്ട് പേടിച്ചലറുകയും ചെയ്യും. മൂത്തോര് പറയണതേ ഇത്തിരിയെങ്കിലും കേൾക്കണം.." അമ്മ ഉപദേശക്കെട്ടഴിച്ചു.

അവൾ വേഗം എഴുന്നേറ്റ് പോയി. അല്ലെങ്കിൽ അമ്മ നിർത്തില്ല. എന്തൊരു സ്വപ്നം.! ആദ്യമായാണവൾ ഇങ്ങനൊരു സ്വപ്നം കാണുന്നത്. ഇനിയെങ്കിലും അമ്മ പറയുന്നത് കേൾക്കണം. അവൾ മനസ്സിലുറപ്പിച്ച് പ്രഭാതകൃത്യങ്ങളിലേക്ക് കടന്നു....

# നമ്മുടെ സ്കൂളിനെ അറിയാം

മലയാള ഭാഷാപിതാവിന്റെ ജന്മത്താൽ അനുഗ്രഹീമായ തിരൂർ തുഞ്ചൻപറമ്പിൽ നിന്നും 6 കി.മി ദൂരെ ചമ്രവട്ടം റോഡിൽ വികസനത്തിലേക്ക് കുതിക്കുന്ന ആലത്തിയൂർ അങ്ങാടിയിലാണ് കെ.എച്ച്.എം.എച്ച്.എസ്. സ്കൂൾ സ്ഥിതി ചെയ്യുന്നത്.ആലിന്റെയും അത്തിയുടെയും ഊരെന്ന് ഐതിഹ്യത്തിൽ പരാമർശിക്കുന്ന, മുമ്പ് 64+ ഗ്രാമങ്ങളുടെ തലസ്ഥാനമായിരുന്ന, പിന്നീട്വെട്ടത്തുനാടിന്റെ ഭാഗമായി മാറിയ ഈ പുണ്യഭൂമിയിൽ മലയാളക്കരയുടെ മാഹാത്മ്യം വാനോളമുയർത്തിയ നിരവധി പണ്ഡിതശ്രേഷ്ഠർ ജീവിച്ചിരുന്നു. ജ്യോതിഷം,വൈദ്യം,ശാസ്ത്രം,കാവ്യം തുടങ്ങിയ വിഷയങ്ങളിൽ അഗ്രഗണ്യരായിരുന്ന നിരവധി പ്രമുഖർ.വർത്തമാനകാലത്തും സാഹിത്യ, സാംസ്കാരിക,കലാകായിക രംഗങ്ങളിൽ തിളങ്ങി നിൽക്കുന്ന നിരവധി പ്രമുഖരുണ്ട്.



മലബാർ പ്രദേശത്ത് വിദ്യാഭ്യാസത്തിന്റെ പ്രകാശം പ്രസരിപ്പിച്ച അന്നത്തെ വിദ്യാഭ്യാസമന്ത്രി ചാക്കീരി അഹമ്മദ്കുട്ടി സാഹിബിന്റെ മഹനീയകരങ്ങളാൽ 1976 ജൂൺ 6 നാണ് നമ്മുടെ സ്കൂൾ യാഥാർത്ഥ്യമായത്. ഇപ്പോൾ ഒ.എസ്.എ യുടെ പ്രസിഡന്റായി പ്രവർത്തിക്കുന്ന ആർ.മുഹമ്മദ് ബഷീറാണ് സ്കൂളിലെ ആദ്യവിദ്യാർത്ഥി. മലയാള സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലറും പ്രമുഖ എഴുത്തുകാരനുമായ ഡോ.അനിൽ വള്ളത്തോളും ഇവിടുത്തെ പ്രഥമബാച്ചിലെ വിദ്യാർത്ഥിയായിരുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

ആലത്തിയൂരിന്റെ സാംസ്കാരികോന്നമനത്തിന് അടിത്തറയിട്ട നമ്മുടെ സ്കൂളിന്റെ

സ്ഥാപകൻ പ്രദേശത്തെ പൗരപ്രമുഖനായിരുന്ന ശ്രീ.മുളന്തല ഹംസ ഹാജിയാണ്. സ്കൂൾ സ്ഥാപിക്കാൻ മുൻകയ്യെടുത്ത് പ്രവർത്തിച്ച, ആലത്തിയൂരിന്റെ രാഷ്ട്രീയസാമൂഹിക രംഗങ്ങളിലെ നിറസാന്നിധ്യമായിരുന്ന, സ്കൂൾ നിർമ്മാണഘട്ടത്തിൽ ആകസ്മികമായി മരണമടഞ്ഞ സഹോദരപുത്രൻ കുഞ്ഞിമോൻ ഹാജിയുടെ സ്മരണാർത്ഥമാണ് സ്കൂളിന് നിലവിലുള്ള പേര് നൽകിയിരിക്കുന്നത്.



1994 ൽ ഹംസഹാജിയുടെ മരണ ശേഷം മകൻ മുഹമ്മദ് കുട്ടിയും പിന്നീട് മകൾ ആമിന ബീവിയും മാനേജർമാരായി പ്രവർത്തിച്ചു. പിന്നീട്, 2008 ൽ ചേന്നര പെരുന്തിരുത്തി സ്വദേശി കടവുകാരകത്ത് സൈതു ഹാജി സ്കൂൾ വാങ്ങുകയും മാനേജരാവുകയും ചെയ്തു.അദ്ദേഹത്തിൻ്റെ വിയോഗത്തിനു ശേഷം മകൻ ഡോ.കെ.സഹദ് ബിലാൽ മാനേജർ പദവി വഹിക്കുന്നു. സൈതു ഹാജിയുടെ മരുമകൻ ഡോ.കെ.ഇബ്രാഹിം മാനേജർ ഇൻ ചാർജായും സേവനമനുഷ്ഠിക്കുന്നു.സ്കൂളിന്റെ ആരംഭകാലം മുതൽ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനം സൈതു ഹാജിയുടെ കരങ്ങളിലെത്തിയതോടെ ഭൗതിക-അക്കാദമിക മേഖലകളിൽ കുതിച്ചുചാട്ടം നടത്തി. 2010 ൽ സ്ഥാപനം ഹയർ സെക്കന്ററി സ്കൂളായി ഉയർത്തി.

നാലുഭാഗത്തേക്കും ഗതാഗതസൗകര്യമുള്ളതിനാൽ സ്കൂൾ സ്ഥിതി ചെയ്യുന്ന തൃപ്രങ്ങോട് പഞ്ചായത്തിനു പുറമെ മംഗലം,പുറത്തൂർ, വെട്ടം,തിരുന്നാവായ, തലക്കാട് തുടങ്ങിയ സമീപപഞ്ചായത്തുകളിൽ നിന്നും വലിയൊരു വിഭാഗം കുട്ടികളും ഇവിടെ പഠിത്തിനെത്തുന്നു. ഇപ്പോൾ മെച്ചപ്പെട്ട സ്കൂൾ ബസ് സൗകര്യം കൂടിയുള്ളതിനാൽ വളരെ ദൂരെ നിന്നു പോലും കുട്ടികൾ മെച്ചമാർന്ന പഠനത്തിനായി ഇവിടെ എത്തിച്ചേരുന്നുവെന്നത് ഏറെ സന്തോഷകരമാണ്. കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിൽ നാൽപതിനായിരത്തിലധികം കുട്ടികൾ ഇവിടെ നിന്ന് വിദ്യ നുകർന്ന് വ്യത്യസ്ത കർമ്മമണ്ഡലങ്ങളിൽ വ്യാപരിക്കുന്നു. നിലവിൽ ഹൈസ്കൂൾ വിഭാഗത്തിൽ 80 ഡിവിഷനുകളിലായി നാലായിരത്തിലധികം കുട്ടികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 8 ഡിവിഷനുകളിലായി അഞ്ഞൂറിൽപരം കുട്ടികളും പഠനം നടത്തുന്നു.രണ്ട് വിഭാഗത്തിലുമായി നൂറ്റി അമ്പതോളം അധ്യാപകരും പത്തിലധികം അനധ്യാപകരും ഇരുപത്തഞ്ചോളം

താൽക്കാലികജീവനക്കാരും സേവനമനുഷ്ഠിക്കുന്നു.

യശ:ശരീരനായ ശ്രീ.പി.രാമവാര്യരായിരുന്നു പ്രഥമഹെഡ്മാസ്റ്റർ. തുടർന്ന് സർവ്വശ്രീ വി.വി രാമൻ, വി പി എൻ ഗരുഡത്ത്, കെ പി അബ്ദുൽ ഖാദർ, സി കെ ശാന്തകുമാരി, പി.സരോജിനി, പി കെ ജയലക്ഷ്മി, എം.മുഹമ്മദ് ബഷീർ, എം വി കിഷോർ എന്നീ പ്രമുഖർ ആസ്ഥാനമലങ്കരിച്ചു. ഇപ്പോൾ ശ്രീ.പി കെ അബ്ദുൽ ജബ്ബാർ ഹെഡ്മാസ്റ്ററായും ശ്രീ ബിജോയ് തോമസ് ഡെപ്യൂട്ടി ഹെഡ്മാസ്റ്ററായും സേവനമനുഷ്ഠിക്കുന്നു. ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ ശ്രീമതി സോണിയ.സി. വേലായുധനാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷയെഴുതുന്ന മൂന്നാമത്തെ കേന്ദ്രമാണ് നമ്മുടെ വിദ്യാലയം.പാഠ്യ-പാഠ്യേതര രംഗത്ത് സ്കൂൾ തിരൂർ വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും മികച്ച സ്ഥാനം നിലനിർത്തി വരുന്നു.കലോത്സവം,കായികോത്സവം,ശാസ്ത്രോത്സവം എന്നീ പ്രധാനമേളകളിലെല്ലാം തിരൂർ സബ്ജില്ലയിൽ തുടർച്ചയായി ചാമ്പ്യന്മാരാവാൻ നമുക്ക് സാധിക്കുന്നു. സംസ്ഥാന - ദേശീയ തലങ്ങളിൽ നമ്മുടെ കുട്ടികൾ മികവ് തെളിയിക്കുന്നത് നമുക്ക് ഏറെ അഭിമാനാർഹമാണ്.ഈ വർഷം ജില്ലാ ശാസ്ത്രോത്സവത്തിന് ഏവരുടെയും മുക്തകണ്ഠമായ പ്രശംസയേറ്റു വാങ്ങുന്ന തരത്തിൽ നമുക്ക് കുറ്റമറ്റ രീതിയിൽ ആതിഥേയത്വം വഹിക്കാൻ സാധിച്ചു. കൂടാതെ നാല്പതോളം ഇനങ്ങൾ വരുന്ന തത്സമയ നിർമ്മാണ മത്സരങ്ങളുടെ ഫലം പരിപാടി കഴിഞ്ഞ് രണ്ട് മണിക്കൂറിനകം ഓൺലൈനിലൂടെ ലഭ്യമാക്കാനും നമ്മുടെ സംഘാടന മികവിലൂടെ സാധിച്ചു.

ജെ.ആർ.സി, എൻ.എസ്.എസ്, സ്കൗട്ട് & ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളും വിവിധ ക്ലബ്ബുകളും മെച്ചമാർന്ന രീതിയിൽ പ്രവർത്തിച്ചു വരുന്നു. വിവിധ മോട്ടിവേഷൻ ക്ലാസുകൾ,കരിയർ ഗൈഡൻസ് ക്ലാസുകൾ, യു എസ് എസ് പരിശീലന പ്രോഗ്രാം എന്നിവ നടത്തി വരുന്നു. ഹൈസ്കൂൾ വിഭാഗം അൻസാരി മാസ്റ്റർ സ്മാരക ലൈബ്രറി, ഹയർ സെക്കണ്ടറി വിഭാഗം മുഹമ്മദ് നൂർ സ്മാരക ലൈബ്രറി എന്നിവ കേരളത്തിലെ മികച്ച സ്കൂൾ ലൈബ്രറികളാണ്. യൂനിവേഴ്സിറ്റി ലൈബ്രറികളുടെ മാതൃകയിൽ കുട്ടികൾക്ക് വേണ്ട പുസ്തകങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാൻ ഇവിടെ അവസരമൊരുക്കിയിട്ടുണ്ട്.ആവശ്യമായത്ര കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ, ഓഡിറ്റോറിയം,സ്കൂൾ ബസ്സുകൾ, ഹൈ ടെക് ക്ലാസ് മുറികൾ എന്നീ സൗകര്യങ്ങളെല്ലാം ഒരുക്കിയിട്ടുണ്ട്.

ദൈവാനുഗ്രഹത്താലും വിദ്യാർത്ഥികൾ,അധ്യാപകർ,രക്ഷിതാക്കൾ, മാനേജ്മെന്റ്,ഡിപ്പാർട്ട്മെന്റ്, പി ടി എ, വിവിധ സപ്പോർട്ടിംങ്ങ് കമ്മിറ്റികൾ,ജനപ്രതിനിധികൾ, നല്ലവരായ നാട്ടുകാർ തുടങ്ങിയവരുടെയെല്ലാം ഹൃദയം നിറഞ്ഞ സഹായസഹകരണങ്ങളും പിന്തുണയും കൊണ്ടാണ് നമ്മുടെ സ്ഥാപനം അനുദിനം ഇത്തരത്തിൽ മുന്നോട്ട് കുതിക്കുന്നത്. നമ്മുടെ സ്കൂൾ ഇനിയുമിനിയും ഉയരങ്ങൾ കീഴടക്കാൻ നമുക്ക് ഒറ്റക്കെട്ടായി പ്രയത്നിക്കാം.

# യാത്രാമൊഴി



**അബ്ദുള്ള പൊന്നാനി**
**എച്ച് എസ് ടി മലയാളം**

എരിയുന്ന വേനലിൽ
ഉരുകുന്ന മനവുമായ്
പടികളിറങ്ങുന്നു മൂകമായ്
ഇനി യാത്ര പറഞ്ഞിടട്ടെ ഞാൻ.

ഒച്ചവെച്ചിന്നലെ നടന്ന
വരാന്തകളിലൊക്കെയും
കൂട് കൂട്ടിയിരുന്നു
മൗനത്തിൻ കുരുവികൾ.

സ്റ്റാഫ്മുറിയിലന്നു നാം
ഇണങ്ങിയും പിണങ്ങിയും
ഉച്ചത്തിൽ കയർത്തതും
സങ്കടപ്പെട്ടതും
വെളിച്ചമായ് തെളിയുന്നു
വഴികളിലൊക്കെയും.

ഉച്ചഭക്ഷണം
പങ്കിട്ടെടുത്തതും
ശേഷമിത്തിരി മധുരം നുണഞ്ഞതും
ബോർഡിലെ വരികളായ്
മാഞ്ഞു തീർന്നെങ്കിലും
ഓർമ്മതൻ താളിൽ
മായാതിരിക്കട്ടെ.

അക്ഷരമുറ്റത്ത്
നാം നട്ട വാക്കുകൾ
തളിരിട്ട മരമായ്
തണല് വിരിക്കുന്നു.
ഇത്തിരി നേരമീ തണലിലിരിക്കണം.
വർഷത്തിലൊരിക്കലെങ്കിലും
മരപ്പെയ്ത്ത് കാണണം.

കൂട്ടരോടൊത്ത്
തിരികെ നടക്കുമ്പോൾ
ഇടറുന്ന വാക്കുകളിൽ
മൗനം പറയുന്നു.

ഉരുകിയൊലിക്കുന്നയീ വേനലിൽ
എങ്ങനെ നാം യാത്രചൊല്ലി പിരിയും.
സൗഹൃദമഴയിൽ
നനഞ്ഞൊന്നായ് നടക്കുവാൻ
ഒരു തോരാമഴക്കാലം
കാത്തിരിപ്പുണ്ട്
നമുക്കായ്.



വെട്ടം ഗഫൂർ

# കളങ്ങളമ്പലങ്ങളിലൂടെ...

## (മലയാളവിഭാഗം പഠനയാത്രാനുഭവം)

കലിയുടെപ്രലോഭനത്തിന്റെ ആഴങ്ങളറിയാനായി പത്താം ക്ലാസിലെ കുട്ടികളോടൊപ്പം ഒരു യാത്ര. എക്സ്പ്ലോർ ബസ് എട്ട് മണിയോടെ ആലത്തിയൂരിൽ നിന്ന് പതിയെ നീങ്ങുന്നു. ചമ്രവട്ടം പാലത്തിലെത്തുമ്പോൾ പുഴയോളങ്ങളുടെ നൈർമല്യം. പുഴയിൽ,പതുക്കെ തുഴഞ്ഞു നീങ്ങുന്ന ഒറ്റത്തോണി.

റോഡ്പണിയുടെ ആടിക്കുലുങ്ങലുകൾ വഴിയിലുടനീളം,പാട്ടിന്റെ ആരവങ്ങളും ആട്ടങ്ങളുമായി ബസ് നീങ്ങുന്നു... കുട്ടികളുടെ ചുവടുകൾക്ക് ഉന്മേഷം പകർന്ന് സതീശൻ മാഷും രെഞ്ജു ടീച്ചറും. എടപ്പാളിൽ ബസ് കാത്ത് ഹൈസ്കൂൾ വിദ്യാർത്ഥിനിപ്പട... ടൗണിപ്പോൾ പതിയെ സജീവത നേടിക്കഴിഞ്ഞിട്ടുണ്ട്. എടപ്പാളിൽ നിന്ന് ബാബുക്കയും യാത്രാസംഘത്തോടൊപ്പം കൂട്ടു ചേർന്നു.

കുമരനല്ലൂരിൽ വീട്ടുവരാന്തയിൽ അഴികൾക്കിടയിലൂടെ ബസ്സിലേക്കുറ്റുനോക്കുന്ന വെള്ള വളർത്തുപൂച്ച. പടിഞ്ഞാറങ്ങാടിയിലെ കടയിൽ നിന്നും വർണമിഠായി വാങ്ങിക്കുന്ന എൽ പി കുട്ടിക്കൂട്ടം.വട്ടോളിയിലെ മരമില്ലിൽ ഈർച്ചയുടെ മുരൾച്ച. ഇപ്പോൾ, വെയിലിന് ചൂട് പിടിച്ചു തുടങ്ങി.

പച്ചപ്പിന്റെ കുളിർമ പകരുന്ന നെൽവയലുകൾ. പുതുശ്ശേരിയിൽ ഞാറ് നടലിന്റെ അപൂർവ കാഴ്ച. മധ്യാഹ്നത്തോടെ പതിയെ വള്ളത്തോൾ നഗറിലെ കലാമണ്ഡലം കല്പിത സർവകലാശാലയിലേക്ക്.. ആദ്യം പോയത് പ്രവേശനകവാടത്തിനരികിലെ ആർട്ട് ഗാലറിയിലേക്ക്... കഥകളി വേഷവൈവിധ്യങ്ങൾ.. നവരസഭാവങ്ങൾ.

പുറത്തിറങ്ങി കൂത്തമ്പലത്തിലെ പ്രായോഗിക പരിശീലന ക്ലാസുകളിലൂടെ ഒരു തീർത്ഥയാത്ര.കഥകളി, തുള്ളൽ തുടങ്ങിയ കലാരൂപങ്ങളുടെ പ്രായോഗികപരിശീലനക്കളരി. പുറത്ത് എത്ര സന്ദർശകരുണ്ടെങ്കിലും, അവരുടെ ജിജ്ഞാസയുടെ കണ്ണുകൾ അകത്തേക്കുറ്റു നോക്കുന്നുണ്ടെങ്കിലും അതൊന്നും ശ്രദ്ധിക്കാതെ അല്പം പോലും ഏകാഗ്രത ഭഞ്ജിക്കാതെ കലാസപര്യയിൽ മുഴുകിയവർ. പരിസരം സംഗീതസാന്ദ്രം.

അന്നമനട പരമേശ്വര മാരാർ കളരിയിൽ പഞ്ചവാദ്യം തിമില പരിശീലനം. തൊട്ടടുത്ത് രാമചാക്യാർ കളരിയിൽ കൂടിയാട്ടത്തിന്റെ പ്രായോഗിക പരിശീലനം തകൃതിയായി നടക്കുന്നു.തലയിലെ പേൻ നുള്ളിയെടുത്ത് ഞെരിച്ച് അത് വായിലേക്കിട്ട്, ചവർപ്പിന്റെ മുഖഭാവത്തോടെ, ജനലഴികൾക്കിടയിലൂടെ ഉറ്റുനോക്കുന്ന ഞങ്ങളോട് 'തിന്നാൻ വേണോ' എന്ന് കൈ നീട്ടുന്ന വാനരവേഷം.

വാദ്യഘോഷങ്ങളാൽ പരിസരമാകെ മുഖരിതം.പെരുവനം രാമൻ നമ്പ്യാർ കളരിയിൽ മിഴാവിന്റെ സംഘപ്രായോഗികാഭ്യാസം.താളത്തിനൊപ്പം അറിയാതെ തലയാട്ടിപ്പോവുന്നു... മിഴാവ് കൊട്ടുന്നതിനിടയിൽ ഉറക്കം തൂങ്ങിപ്പോയ കുഞ്ചൻ നമ്പ്യാർ മനസ്സിൽ 'ഓട്ടൻ' തുള്ളൽ തീർക്കുന്നു. പരിസരം വാദ്യസാന്ദ്രം.
ചെണ്ടമേളം ഇപ്പോൾ ഉച്ചസ്ഥായിയിൽ.ഫോട്ടോയുമെടുത്ത് കാഴ്ചകൾ കണ്ട് നടക്കുന്നതിനിടയിൽ കഥകളി രംഗാവതരണത്തിന്റെ കേളികൊട്ടായെന്ന അറിയിപ്പ്.. നേരെ കൂത്തമ്പലത്തിലേക്ക്...

നാന്നൂറോളം വർഷങ്ങൾക്ക് മുമ്പ് രാമനാട്ടത്തിൽ നിന്ന് കൃഷ്ണനാട്ടവും പിന്നീട് കഥ കളിയ്ക്കുന്ന കഥകളിയും രൂപമെടുത്തതു മുതൽ ആധുനികകാലത്തെ കഥകളി അവതരണ രീതിയിലെ മാറ്റങ്ങൾ വരെ വിശദീകരിച്ച് എത്ര രസകരമായാണ് ആ കലാകാരൻ കുട്ടികളുടെ ഹൃദയത്തിൽ ചേക്കേറിയത്.കഥകളിയുടെ ആംഗ്യം എന്ന ഭാഷ വളരെ എളുപ്പത്തിൽ കുട്ടികൾക്ക് ഓർമിച്ചെടുക്കാവുന്ന രൂപത്തിൽ അദ്ദേഹം കൂടെ ഒരു സുമുഖനായ കഥകളി വിദ്യാർത്ഥിയെ നിർത്തി പ്രായോഗികമായി കുട്ടികൾക്ക് പകർന്നു നൽകി.

നവരസങ്ങളെ കുട്ടികളുടെ ജീവിതാനുഭവത്തിലെ ഉദാഹരണങ്ങളിലൂടെ അദ്ദേഹം പങ്കുവെച്ചു. വൈകുന്നേരം സ്കൂൾ വിട്ട് വീട്ടിൽ ചെല്ലുമ്പോൾ വരാന്തയിൽ വില കൂടിയ ചുരിദാറിന്റെ സമ്മാനപ്പൊതിയുമായി കാത്ത് നിൽക്കുന്ന അമ്മ. പൊതി അവൾക്കായി നീട്ടുമ്പോൾ കുട്ടിയുടെ മുഖത്ത് വിരിയുന്ന അത്ഭുതഭാവം ഇനി അവളൊരിക്കലും മറക്കുകയില്ലതന്നെ. അച്ഛന്റെ കയ്യിൽ നിന്ന് അടി കിട്ടിയാൽ കരഞ്ഞു കൊണ്ട് അവൾ ഓടിപ്പോയി ആരും കാണാതെ ഇനി കണ്ണാടി നോക്കും. നവരസഭാവങ്ങളെ ഇതിനേക്കാൾ ഹൃദയാവർജ്ജകമായി ഇനിയെങ്ങിനെ അവതരിപ്പിക്കാൻ ... ചുറ്റും നോക്കുമ്പോൾ കാണുന്ന അതിൽ ലയിച്ചിരിക്കുന്ന കുട്ടികൾ തന്നെ അതിന്റെ സാക്ഷ്യം.

തുടർന്ന്, നാല് ദിവസത്തെ നളചരിതം കഥയുടെ വളരെ വിശദമായ വിവരണം. സംശയനിവാരണത്തിനുള്ള അവസരം. കഥകളി അവതരണം പഠിച്ചെടുക്കാൻ എത്ര കാലം വേണ്ടി വരുമെന്ന എലേനയുടെ നിഷ്കളങ്കമായ ചോദ്യം. അത് പഠിതാവിന്റെ താൽപര്യം പോലെയിരിക്കുമെന്ന മറുപടി.

സംശയനിവാരണങ്ങൾക്കു ശേഷം കഥകളിയിലേക്ക്.... ആകാംക്ഷയോടെ ആലത്തിയൂരിലെ ഒരു പാടൊരുപാട് കണ്ണുകൾ അത് സാകൂതം വീക്ഷിക്കുന്നു.

വർണ്ണഭംഗിയാർന്ന കർട്ടനു പിറകിൽ കലിദ്വാപരന്മാരും പിന്നെ പുഷ്ക്കരനും... പുഷ്ക്കരവേഷം കെട്ടിയിരിക്കുന്നത് പഠിതാവായ ഒരു പെൺകുട്ടിയാണെന്ന് പ്രഭാഷണത്തിനിടെ അദ്ദേഹം സൂചിപ്പിച്ചതു കൊണ്ട് മാത്രം മനസ്സിലായി.. വന്ദനശ്ലോകത്തിനു ശേഷം പതിയെ കഥയുടെ കളിയിലേക്ക്. അരങ്ങിൽ വേഷങ്ങൾ തിമിർത്താടുമ്പോൾ ആ കമനീയദൃശ്യം ചിത്രമായി ക്യാൻവാസിലേക്ക് പകർത്തുന്ന പെൺകുട്ടി കൗതുകമായി.

നളചരിതം എന്ന ഒറ്റ കൃതി കൊണ്ട് അമരനായ ഉണ്ണായിവാര്യർ മനസ്സിൽ കണ്ട അതേ ഗാംഭീര്യം നിറഞ്ഞ അവതരണം.പ്രലോഭനത്തിന്റെ മാസ്മരിക ലഹരിയിൽ ലയിച്ചിരിക്കുന്ന ആസ്വാദക വൃന്ദം. കഥാവതരണം കഴിഞ്ഞതറിഞ്ഞില്ല, അത്രമാത്രം തന്മയീഭാവം.പിന്നെ, വേഷങ്ങളോടൊപ്പം നിന്ന് ഫോട്ടോകളെടുക്കാനുള്ള തിരക്ക്.



എന്നാൽ, ഫോട്ടോയ്ക്ക് പോസ് ചെയ്യാൻ നിൽക്കാതെ പുഷ്ക്കരൻ നേരെ ഓടിയത് ചൂതിനല്ല, മറിച്ച് പരീക്ഷാഹാളിലേക്കായിരുന്നു. പരീക്ഷയ്ക്ക് തൊട്ട്മുമ്പും എത്ര ഏകാഗ്രതയോടെ, തന്മയീഭാവത്തോടെയാണ് അവർ അവതരിപ്പിച്ചത്... വല്ലാത്ത ആശ്ചര്യവും ബഹുമാനവും തോന്നിപ്പോകുന്നു. കലാസപര്യയെ എത്ര ആത്മാർത്ഥതയോടെയാണ് ഈ കലാകാരന്മാർ കാണുന്നത്.

കലാമണ്ഡലം കൃഷ്ണൻ നായരുടെ ജീവിത പകർന്നാട്ടങ്ങൾ അനുസ്മരിപ്പിക്കുന്ന പൂതനക്കൃഷ്ണൻ എന്ന പഴയ പാഠഭാഗം ഇപ്പോൾ മനസ്സിൽ ഓളങ്ങൾ തീർക്കുന്നു.വീട്ടിനകത്തെ തൊട്ടിലിലുറങ്ങുന്ന കുഞ്ഞിനെ ആരും കാണാതെ ചെന്നെടുത്ത് മടിയിലിരുത്തി വിഷം പുരട്ടിയ മുലയൂട്ടുന്ന പൂതന. ഇടയ്ക്ക് അവളിലുണരുന്ന മാതൃഭാവങ്ങൾ.. കുട്ടി മടിയിൽ മൂത്രമൊഴിച്ചുവോ ? ചാടിയെഴുന്നേറ്റ് വസ്ത്രം കുടഞ്ഞ് പിഴിഞ്ഞ് ചിരിക്കുന്ന പൂതന. കഥയിൽ രസിച്ച്, ലയിച്ചിരിക്കുന്ന പണ്ടത്തെ കുട്ടികൾ...! ഹായ്, വീണ്ടും പഠിപ്പിക്കാൻ കൊതി തോന്നുന്നു..! എന്തൊരു തന്മയീഭാവം...

മനസ്സിപ്പോൾ മറ്റൊരു പത്താം തരം നളചരിതം പഠനമുറിയിലേക്ക്..
പ്രണയപാരവശ്യത്താൽ വണ്ടുകളുടെ മുരളൽ ചെവികളിൽ തീക്കട്ടയായും കുയിലിന്റെ കൂകൽ ശൂലം തറക്കാലായും തോന്നി അസ്വസ്ഥതയോടെ പൂന്തോട്ടത്തിൽ ഉലാത്തുന്ന ദമയന്തി. മുന്നിൽ താണ് പറന്നിറങ്ങിയ സ്വർണവർണമുള്ള അന്നം.

യൗവനം വന്നുദിച്ചിട്ടും ചെറുതാവാത്ത ചെറുപ്പവുമായി അരയന്നത്തെ പിടിക്കാനോടുന്ന ദമയന്തി.

എന്നരികിലാരും വേണ്ട

"തൊട്ടേനേ ഞാൻ
കൈകൾ കൊണ്ടു തോഴിമാരേ
